# കേരള സർക്കാർ
# വിദ്യാഭ്യാസ വകുപ്പ്

# എസ്.എസ്.എൽ.സി പരീക്ഷ
# മാർച്ച് – 2018

# വിജ്ഞാപനം

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം –12

ഇ.എക്സ്/സി.ജി.എൽ(1)/38000/2017/സി.ജി.ഇ

**പരീക്ഷാകമ്മീഷണറുടെ കാര്യാലയം**
**പരീക്ഷാഭവൻ, പൂജപ്പുര**
**തിരുവനന്തപുരം-12**
**തീയതി : 25/10/2017**

# വിജ്ഞാപനം

വിഷയം : 2018 മാർച്ച് മാസത്തിലെ എസ്.എസ്.എൽ.സി പരീക്ഷ - സംബന്ധിച്ച്.

സൂചന : 1. ജി.ഒ.(എം.എസ്) 200/2006 പൊ.വി.വ. തീയതി 14.08.2006
2. ജി.ഒ.(എം.എസ്) 12/2007 പൊ.വി.വ തീയതി 20.01.2007
3. ജി.ഒ.(എം.എസ്) 148/2007 പൊ.വി.വ തീയതി 04.08.2007
4. ജി.ഒ.(ആർ.ടി)നം.4610/2012/പൊ.വി.വ.തീയതി.28.09.2012

2017-18 അധ്യയന വർഷത്തെ എസ്.എസ്.എൽ.സി.പരീക്ഷ **07/03/2018** ബുധനാഴ്ച ആരംഭിച്ച് **26/03/2018 തിങ്കളാഴ്ച** അവസാനിക്കുന്നതാണ്. 14/08/2006-ലെ ജി.ഒ. (എം.എസ്) 200/2006 പൊ.വി.വ., 20.01.2007-ലെ ജി.ഒ.എം.എസ് 12/2007 പൊ.വി.വ എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് രീതിയിൽ മാത്രമാണ് ഈ പരീക്ഷ നടത്തുന്നത്. 2016-17 അധ്യയന വർഷം നിലവിൽ വന്ന പരിഷ്ക്കരിച്ച പാഠഭാഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതിയ സിലബസ് പ്രകാരം 2017-18-ൽ പത്താം തരത്തിൽ ആദ്യമായി പരീക്ഷയെഴുതുന്നയവർക്കായി റഗുലർ ആയും, 2011-2012 മുതൽ 2015 -2016 വരെയുള്ള അധ്യയന വർഷങ്ങളിൽ ആദ്യമായി പത്താം തരം പരീക്ഷയെഴുതി ഏതെങ്കിലും വിഷയത്തിൽ ഇനിയും വിജയിക്കാത്തവർക്കായി പഴയ സ്കീമിൽ പ്രൈവറ്റായും, 2016-17 വർഷം പത്താം തരം പരീക്ഷയെഴുതി ഏതെങ്കിലും വിഷയത്തിൽ ഇനിയും വിജയിക്കാത്തവർക്കായി പുതിയ സ്കീമിൽ പ്രൈവറ്റായും പരീക്ഷ നടത്തപ്പെടുന്നു.

2012 മാർച്ചിന് മുമ്പ് പരീക്ഷ എഴുതി പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് സാക്ഷരതാ മിഷൻ നടത്തുന്ന പത്താംതരം തുല്യതാ പരീക്ഷ എഴുതി തുടർ പഠനത്തിന് അർഹത നേടാവുന്നതാണ്.

## I. പരീക്ഷ സംബന്ധിച്ച വിവരങ്ങൾ

1. 2018 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷ മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ മാധ്യമങ്ങളിൽ നടത്തപ്പെടുന്നു.
2. എസ്.എസ്.എൽ.സി, റഗുലർ വിഭാഗത്തിലുള്ളവർക്ക് കഴിഞ്ഞവർഷത്തെപോലെ 9 പേപ്പറുകൾ ഉൾപ്പെടുന്ന എഴുത്തു പരീക്ഷയാണ് നടത്തുന്നത്. എല്ലാ പേപ്പറുകൾക്കും തുടർ മൂല്യനിർണ്ണയവും ഉണ്ടായിരിക്കും.
3. ഇംഗ്ലീഷ്, ഗണിതശാസ്ത്രം, സോഷ്യൽ സയൻസ് എന്നീ വിഷയങ്ങളുടെ എഴുത്തു പരീക്ഷയുടെയും തുടർ മൂല്യനിർണയത്തിന്റെയും സ്കോർ 80:20 ഉം, ഇൻഫർമേഷൻ ടെക്നോളജി ഒഴികെയുള്ള മറ്റു വിഷയങ്ങളുടേത് 40:10 ഉം ആയിരിക്കും.
4. ജി.ഒ.(ആർ.ടി)നം.4610/2012/പൊ.വി.വ.തീയതി.28.09.2012 പ്രകാരമുള്ള ഉത്തരവനുസരിച്ച് ഐ.റ്റി. വിഷയത്തിൽ 40 സ്കോറിനു പകരം 50 സ്കോറിന്റെ പരീക്ഷയാണ് നടത്തുന്നത്. തിയറി പരീക്ഷ എഴുത്തു പരീക്ഷയിൽ നിന്നു മാറ്റി പ്രാക്ടിക്കൽ പരീക്ഷയോടൊപ്പം കമ്പ്യൂട്ടറിലാണ് നടത്തപ്പെടുന്നത്.

5. ഇൻഫർമേഷൻ ടെക്നോളജി പരീക്ഷയുടെ തുടർമൂല്യനിർണയം, തിയറി പരീക്ഷ, പ്രായോഗിക പരീക്ഷ, എന്നിവയുടെ സ്കോർ ക്രമം 10:10:30 ആയിരിക്കും.

6. 80 സ്കോർ ഉള്ള വിഷയങ്ങൾക്ക് 2½ മണിക്കൂറും, 40 സ്കോർ ഉള്ള വിഷയങ്ങൾക്ക് 1½ മണിക്കൂറുമാണ് പരീക്ഷാ സമയം. ഇതു കൂടാതെ എല്ലാ എഴുത്തു പരീക്ഷയ്ക്കും ആരംഭത്തിൽ 15 മിനിറ്റ് സമാശ്വാസ സമയവും ഉണ്ടായിരിക്കും.

7. സ്കൂൾ ലീവിങ് സർട്ടിഫിക്കറ്റിൽ സ്കോർ ഒഴിവാക്കി ഗ്രേഡ് മാത്രമേ രേഖപ്പെടുത്തുകയുള്ളൂ.

8. ഗ്രേഡിംഗ് 9 പോയിന്റ് സ്കെയിലിൽ ആണ് നടപ്പിലാക്കുന്നത്.

**പരീക്ഷയുടെ വിഷയങ്ങൾ, സ്കോർ, സമയം എന്നിവ താഴെ കാണും പ്രകാരമായിരിക്കും.**

| ക്രമ നമ്പർ | വിഷയങ്ങൾ | സ്കോർ | | | | |
|---|---|---|---|---|---|---|
| | | സി.ഇ | തിയറി, പ്രാക്ടിക്കൽ പരീക്ഷകൾ | എഴുത്തു പരീക്ഷ | ആകെ | സമയം |
| 1 | ഒന്നാം ഭാഷ പേപ്പർ ഒന്ന് | 10 | | 40 | 50 | 1 ½ മണിക്കൂർ |
| 2 | ഒന്നാം ഭാഷ പേപ്പർ രണ്ട് | 10 | | 40 | 50 | 1 ½ മണിക്കൂർ |
| 3 | രണ്ടാം ഭാഷ ഇംഗ്ലീഷ് | 20 | | 80 | 100 | 2 ½ മണിക്കൂർ |
| 4 | മൂന്നാം ഭാഷ ഹിന്ദി/ ജനറൽ നോളഡ്ജ് | 10 | | 40 | 50 | 1 ½ മണിക്കൂർ |
| 5 | സോഷ്യൽ സയൻസ് | 20 | | 80 | 100 | 2 ½ മണിക്കൂർ |
| 6 | ഊർജ്ജതന്ത്രം | 10 | | 40 | 50 | 1 ½ മണിക്കൂർ |
| 7 | രസതന്ത്രം | 10 | | 40 | 50 | 1 ½ മണിക്കൂർ |
| 8 | ജീവശാസ്ത്രം | 10 | | 40 | 50 | 1 ½ മണിക്കൂർ |
| 9 | ഗണിതശാസ്ത്രം | 20 | | 80 | 100 | 2 ½ മണിക്കൂർ |
| 10 | ഇൻഫർമേഷൻ ടെക്നോളജി | 10 | 10+30 | – | 50 | 1 മണിക്കൂർ |

**ഗ്രേഡിംഗ് സ്കെയിൽ**

| ഗ്രേഡ് | റേഞ്ച് | ഗ്രേഡ് വാല്യൂ | ഗ്രേഡ് പൊസിഷൻ |
|---|---|---|---|
| A + | 90 ശതമാനം മുതൽ 100 ശതമാനം വരെ | 9 | Outstanding |
| A | 80 ശതമാനം മുതൽ 89 ശതമാനം വരെ | 8 | Excellent |
| B + | 70 ശതമാനം മുതൽ 79 ശതമാനം വരെ | 7 | Very Good |
| B | 60 ശതമാനം മുതൽ 69 ശതമാനം വരെ | 6 | Good |
| C + | 50 ശതമാനം മുതൽ 59 ശതമാനം വരെ | 5 | Above Average |
| C | 40 ശതമാനം മുതൽ 49 ശതമാനം വരെ | 4 | Average |
| D + | 30 ശതമാനം മുതൽ 39 ശതമാനം വരെ | 3 | Marginal |
| D | 20 ശതമാനം മുതൽ 29 ശതമാനം വരെ | 2 | Need Improvement |
| E | 20 ശതമാനത്തിന് താഴെ | 1 | Need Improvement |

**ഉന്നത വിദ്യാഭ്യാസത്തിനുള്ള അർഹത നേടുന്നതിന് ഓരോ പേപ്പറിനും തുടർമൂല്യ നിർണ്ണയത്തിന്റെ (CE) സ്കോറും എഴുത്തുപരീക്ഷയുടെ (TE) സ്കോറും/ തിയറി, പ്രാക്ടിക്കൽ പരീക്ഷകളുടെ സ്കോറും ചേർത്ത് കണക്കാക്കുമ്പോൾ D+ ഗ്രേഡ് (30–39%) എങ്കിലും നേടിയിരിക്കണം.**

## II. പഴയ സ്കീമിലെ പരീക്ഷ സംബന്ധിച്ച വിവരങ്ങൾ

2011 മാർച്ച് വരെ നിലവിലുണ്ടായിരുന്ന സിലബസിൽ പഠിച്ച് ഉന്നതപഠനത്തിന് അർഹത നേടാത്തവർക്ക് സംസ്ഥാന സാക്ഷരതാ മിഷൻ നടത്തുന്ന പത്താംതര തുല്യതാ പരീക്ഷ എഴുതി ഉന്നതപഠനത്തിന് അർഹത നേടാവുന്നതാണ്.

## III. പരീക്ഷാർത്ഥികൾ ഉൾപ്പെടുന്ന വിഭാഗങ്ങൾ

പരീക്ഷാർത്ഥികളെ മൂന്ന് വിഭാഗങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### A. റഗുലർ കാൻഡിഡേറ്റ്സ്

പരീക്ഷ ആദ്യമായി എഴുതുന്നവർ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.

ഇതിൽ നാല് ഉപവിഭാഗങ്ങൾ ഉണ്ട്.

#### i) സ്കൂൾ ഗോയിംഗ് കാൻഡിഡേറ്റ്സ് (SGC)

സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് (അംഗീകൃതം) സ്കൂളുകളിൽ 2017-2018 അധ്യയന വർഷം 10-ാം തരത്തിൽ പഠിക്കുന്നവരും 01.10.2017 -ൽ സ്കൂൾ റോളിൽ ഉള്ളവരും നിശ്ചിത വയസ്സ്, 01-06-2017-ൽ 14 വയസ്സ് പൂർത്തീകരിച്ചവരുമായ വിദ്യാർത്ഥികൾക്ക് സ്കൂൾ ഗോയിംഗ് കാൻഡിഡേറ്റ്സ് ആയി പരീക്ഷയ്ക്ക് ചേരാവുന്നതാണ്. ഇവർ പത്താം ക്ലാസിലെ പാഠ്യപദ്ധതിയനുസരിച്ച് ഓരോ പേപ്പറിനും തുടർമൂല്യനിർണ്ണയത്തിന് വിധേയരാവേണ്ടതും വർഷാവസാനത്തിൽ കുറഞ്ഞത് 85% ഹാജർ എങ്കിലും നേടിയിരിക്കേണ്ടതുമാണ്.

#### ii) റീ-അഡ്മിറ്റഡ് ക്യാൻഡിഡേറ്റ്സ് (RAC)

2016-2017 അദ്ധ്യയന വർഷം ഏതെങ്കിലും കാരണത്താൽ കോഴ്സ് പൂർത്തിയാക്കാൻ കഴിയാതെ അഡ്മിഷൻ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യപ്പെടുകയും എന്നാൽ വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങാതെ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ പ്രത്യേക ഉത്തരവിലൂടെ 2017-18 അധ്യയന വർഷം അതേ സ്കൂളിൽ പുന:പ്രവേശനം നേടി ആ വർഷം 85% ഹാജർ തികയ്ക്കുകയും ചെയ്യുന്ന (RAC) വിദ്യാർത്ഥികൾക്കും റഗുലർ ക്യാൻഡിഡേറ്റ്സ് ആയി പരീക്ഷ എഴുതാവുന്നതാണ്.

#### iii) അറ്റൻഡൻസ് റീക്യൂപ്പ്ഡ് ക്യാൻഡിഡേറ്റ്സ് (ARC)

2016-2017 അദ്ധ്യയന വർഷം എസ്.എസ്.എൽ.സി പരീക്ഷയ്ക്കായി തയ്യാറാക്കിയ 'എ' ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നെങ്കിലും ഹാജർ കുറവായതുമൂലം പരീക്ഷ എഴുതാൻ കഴിയാതെ പോവുകയും ഈ അധ്യയനവർഷം ആ സ്കൂളിൽ പുന:പ്രവേശനം നേടുകയും കഴിഞ്ഞവർഷം നഷ്ടപ്പെട്ട ഹാജർ ഈ വർഷം നേടുകയും ചെയ്തവർക്ക് ഈ വിഭാഗത്തിൽ പരീക്ഷ എഴുതാവുന്നതാണ്.

#### iii) കാൻഡിഡേച്ചർ കാൻസൽഡ് കാൻഡിഡേറ്റ്സ് (CCC)

2016-2017 അദ്ധ്യയന വർഷം എസ്.എസ്.എൽ.സി പരീക്ഷയ്ക്കായി തയ്യാറാക്കിയ 'എ ലിസ്റ്റ്''- ൽ ഉൾപ്പെട്ട് പരീക്ഷ എഴുതുന്നതിന് മതിയായ ഹാജർ നേടിയിരുന്നെങ്കിലും

അസുഖം മൂലമോ സാധുവായ മറ്റ് കാരണത്താലോ പരീക്ഷാർത്ഥിത്വം റദ്ദാക്കേണ്ടി വന്ന വിദ്യാർത്ഥികൾക്ക് ഈ വർഷം അതേ സ്കൂളിൽ 'കാൻഡിഡേച്ചർ കാൻസൽഡ്' എന്ന വിഭാഗത്തിൽ പരീക്ഷ എഴുതാവുന്നതാണ്. ഇവരും കഴിഞ്ഞ വർഷം നിലവിലുണ്ടായിരുന്ന രീതിയിലാണ് ഐ.റ്റി പരീക്ഷ എഴുതേണ്ടത്.

## B. ബെറ്റർമെന്റ് ഓഫ് റിസൾട്ട് കാൻഡിഡേറ്റ്സ് (BT)

എസ്.എസ്.എൽ.സി പരീക്ഷ എഴുതി ഉപരിപഠനത്തിന് അർഹത നേടുകയും എന്നാൽ പരീക്ഷാഫലം മെച്ചപ്പെടുത്തുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നവർക്ക് 07.05.1977-ലെ ജി.ഒ.(എം.എസ്) 98/77 പൊ.വി.വ ഉത്തരവിലും 19.01.1982-ലെ ജി.ഒ.(എം.എസ്) 8/82 പൊ.വി.വ ഉത്തരവിലും നിഷ്കർഷിച്ചിട്ടുള്ള താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പരീക്ഷയ്ക്ക് ചേരാവുന്നതാണ്.

i. ഫലം മെച്ചപ്പെടുത്തുന്നതിനായി ഒരവസരം മാത്രമേ അനുവദിക്കുകയുള്ളൂ. എസ്.എസ്.എൽ.സി പരീക്ഷ വിജയിച്ച് മൂന്നു വർഷത്തിനകം ഫലം മെച്ചപ്പെടുത്തുന്നതിനായി പരീക്ഷ എഴുതേണ്ടതാണ്.

ii. ഈ കാലയളവിൽ മറ്റൊരു ഉയർന്ന യോഗ്യതയും നേടിയിരിക്കാൻ പാടുള്ളതല്ല.

iii. എല്ലാ വിഷയങ്ങൾക്കും പരീക്ഷ എഴുതേണ്ടതാണ്.

iv. പത്താംതരം പരീക്ഷ വിജയിച്ചപ്പോൾ നിലവിലുണ്ടായിരുന്ന സ്കീമിലും സിലബസിലുമാണ് പരീക്ഷ എഴുതേണ്ടത്.

കംപാർട്ട്മെന്റലായും ഫുൾകോഴ്സായും പരീക്ഷ എഴുതി ഉപരിപഠനത്തിന് അർഹത നേടിയവർക്ക് ഇതിനുള്ള അവസരം ഉണ്ടായിരിക്കും. ഇങ്ങനെ പരീക്ഷ എഴുതുന്നവരിൽ അവർക്ക് ലഭിച്ചിട്ടുള്ളതിൽ ഏറ്റവും ഗുണകരമായ സ്കോറായിരിക്കും പരിഗണിക്കുന്നത്. 23.08.2008-ലെ ജി.ഒ(ആർ.റ്റി) നം.4168/05 ആയുള്ള സർക്കാർ ഉത്തരവ് പ്രകാരം ഇത്തരത്തിൽ നേടുന്ന സ്കോർ ഉപരി പഠനത്തിന് കണക്കാക്കുന്നതാണ്.

(പ്രത്യേക ശ്രദ്ധയ്ക്ക്- ARC, CCC, RAC വിഭാഗം വിദ്യാർത്ഥികൾ 2016-2017 അധ്യയന വർഷത്തിൽ നിലവിൽ വന്ന പുതിയ സിലബസിൽ ആണ് പരീക്ഷ എഴുതേണ്ടത്.

## C. പ്രൈവറ്റ് കാൻഡിഡേറ്റ്സ് ഓൾഡ് സ്കീം

2012 മാർച്ച് മുതൽ 2016 മാർച്ച് വരെ ഗ്രേഡിംഗ് സമ്പ്രദായത്തിൽ പത്താംതരം പരീക്ഷ എഴുതി ഉപരി പഠനത്തിന് അർഹത ലഭിക്കാതെപോയ പരീക്ഷാർത്ഥികൾക്ക് യോഗ്യത നേടാത്ത വിഷയങ്ങൾക്ക് പ്രൈവറ്റ് കാൻഡിഡേറ്റ്സ് ഓൾഡ് സ്കീം വിഭാഗത്തിൽ പരീക്ഷ എഴുതാവുന്ന താണ്. ഇവർ യോഗ്യത നേടാത്ത മുഴുവൻ വിഷയങ്ങൾക്കും അപേക്ഷിക്കേണ്ടതാണ്.

## D. പ്രൈവറ്റ് കാൻഡിഡേറ്റ്സ് ന്യൂ സ്കീം

2017 മാർച്ചിൽ ഗ്രേഡിംഗ് സമ്പ്രദായത്തിൽ പുതിയ സ്കീമിൽ പത്താംതരം പരീക്ഷ എഴുതി ഉപരി പഠനത്തിന് അർഹത ലഭിക്കാതെപോയ പരീക്ഷാർത്ഥികൾക്ക് യോഗ്യത നേടാത്ത വിഷയങ്ങൾക്ക് പ്രൈവറ്റ് കാൻഡിഡേറ്റ്സ് ന്യൂ സ്കീം വിഭാഗത്തിൽ പരീക്ഷ എഴുതാവുന്നതാ ണ്. ഇവർ യോഗ്യത നേടാത്ത മുഴുവൻ വിഷയങ്ങൾക്കും അപേക്ഷിക്കേണ്ടതാണ്.

SGC/RAC ഒഴികെയുള്ളവർ പരീക്ഷയ്ക്ക് ചേരുന്നതിന് നിർദ്ദിഷ്ട ഫോറത്തിൽ ഹെഡ്മാസ്റ്റർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**E. പ്രായപരിധി**

പരീക്ഷാർത്ഥികൾ 01-06-2017-ൽ 14 വയസ്സ് പൂർത്തിയാക്കിയിരിക്കേണ്ടതാണ്. കുറഞ്ഞ പ്രായ പരിധിയിൽ ആറ് മാസം വരെ ഇളവ് അനുവദിക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. (02-11-2011-ലെ സ.ഉ (എം.എസ്) 224/2011/പൊ.വി.വ) ആറ് മാസത്തിലധികമുള്ള വയസ്സിളവ് സർക്കാർ പരിഗണിക്കുന്നതാണ്. ഇതിനായി കുട്ടിയുടെ രക്ഷകർത്താവിന്റെ അപേക്ഷ, ജനന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, പ്രധാന അധ്യാപകന്റെ ശുപാർശ എന്നിവ സഹിതം അപേക്ഷ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

**F. ഹാജർ**

ഹാജറിലുള്ള കുറവ് മാപ്പാക്കി പരീക്ഷയ്ക്കിരുത്തുവാൻ പ്രഥമാധ്യാപകരേയും ജില്ലാ വിദ്യാഭ്യാസ ആഫീസർമാരേയും ചുമതപ്പെടുത്തിയിട്ടുണ്ട്. 25 % വരെയുള്ള ഹാജരില്ലായ്മ പ്രഥമാധ്യാപകരും 26% മുതൽ 40% വരെയുള്ള ഹാജരില്ലായ്മ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ആഫീസർമാരും രക്ഷിതാക്കളുടെ അപേക്ഷയിന്മേൽ മാപ്പാക്കി നൽകുന്നതാണ്.

## IV. ഐ.റ്റി. പരീക്ഷയെ സംബന്ധിച്ച വിശദാംശങ്ങൾ

ജി.ഒ.(ആർ.റ്റി) നം.4610/2012/പൊ.വി.വ.തീയതി.28/09/2012 അനുസരിച്ച് എസ്.എസ്.എൽ.സി. ഐ.റ്റി. വിഷയത്തിന്റെ സ്കോർ പരമാവധി 50 ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 40 സ്കോർ പൊതുപരീക്ഷയ്ക്കും 10 സ്കോർ നിരന്തര മൂല്യനിർണ്ണയത്തിനുമാണ്. പൊതു പരീക്ഷ യുടെ 40 സ്കോറിൽ 10 സ്കോർ തിയറി പരീക്ഷയ്ക്കും 30 സ്കോർ പ്രായോഗിക പരീക്ഷയ്ക്കുമാണ്. തിയറി പരീക്ഷ പ്രാക്ടിക്കൽ പരീക്ഷയോടൊപ്പം നടത്തുന്നതാണ്.

**എ) പൊതു നിർദ്ദേശങ്ങൾ**

1. 2018 മാർച്ചിലെ എസ്.എസ്.എൽ.സി - ഐ.ടി. പ്രായോഗിക പരീക്ഷ സ്വതന്ത്ര സോഫ്റ്റ് വെയറിൽ മാത്രമാണ് നടത്തുന്നത്.
2. ഐ.റ്റി.തിയറി പരീക്ഷ പ്രായോഗിക പരീക്ഷയോടൊപ്പം തന്നെ നടത്തുന്നതാണ്.
3. തിയറി പരീക്ഷയുടെ മൂല്യനിർണ്ണയം സോഫ്റ്റ്വെയർ ഉപയോഗിച്ചും പ്രാക്ടിക്കൽ പരീക്ഷ യുടെ മൂല്യനിർണ്ണയം നിലവിലുള്ളതുപോലെ അദ്ധ്യാപകരും നടത്തുന്നതാണ്.

**ബി. പ്രായോഗിക പരീക്ഷ**

1. പ്രായോഗിക പരീക്ഷയ്ക്ക് ആകെ 30 സ്കോറാണ് നിശ്ചയിച്ചിരിക്കുന്നത്. അതിൽ 28 സ്കോർ ഐ.ടി. ശേഷികൾ പരിശോധിക്കുന്നതിനും, 2 സ്കോർ പ്രാക്ടിക്കൽ വർക്ക് ബുക്കിന് വേണ്ടിയും നീക്കിവെച്ചിരിക്കുന്നു. സോഫ്റ്റ് വെയറിന്റെ സഹായത്തോടെ നടത്തുന്ന 28 സ്കോറിനുള്ള പരീക്ഷയുടെ ഉത്തരങ്ങൾ ഇൻവിജിലേറ്റർമാരായി നിയമിക്കപ്പെടുന്ന അദ്ധ്യാപകർ തന്നെയായിരിക്കും മൂല്യനിർണ്ണയം നടത്തുന്നത്. അദ്ധ്യാപകരുടെ

മൂല്യനിർണ്ണയത്തിൽ ലഭിച്ച സ്കോറും, പ്രാക്ടിക്കൽ വർക്ക്ഷീറ്റിന് ലഭിച്ച സ്കോറും രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം സോഫ്റ്റ്‌വെയറിൽ ഉണ്ടായിരിക്കും.

2. മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നട എന്നീ ഭാഷകളിൽ ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ പ്രവർത്തിക്കുന്ന സോഫ്റ്റ്‌വെയർ പരീക്ഷ നടത്തുന്നതിനായി ലഭ്യമാക്കുന്നതാണ്.

3. പ്രായോഗിക പരീക്ഷയുടെ സമയം 60 മിനിട്ടായിരിക്കും (അദ്ധ്യാപകർ മൂല്യനിർണ്ണയത്തിനെടുക്കുന്ന സമയം ഇതിൽ ഉൾപ്പെടുന്നില്ല). കുട്ടികൾ പരീക്ഷയ്ക്ക് എടുക്കുന്ന സമയം സോഫ്റ്റ്‌വെയറിൽ കാണാവുന്നതാണ്.

4. ഐ.ടി പ്രായോഗിക തിയറി പരീക്ഷകൾക്ക് പുനർമൂല്യനിർണയം ഉണ്ടായിരിക്കുന്നതല്ല.

5. പ്രായോഗിക പരീക്ഷയ്ക്ക് കുട്ടികൾക്ക് ലഭിക്കുന്ന സ്കോറിന് രഹസ്യസ്വഭാവമുള്ളതിനാൽ പരീക്ഷാകേന്ദ്രത്തിൽ കുട്ടികൾക്ക് ലഭിച്ചിട്ടുള്ള സ്കോർ പ്രസിദ്ധപ്പെടുത്തുന്നതല്ല.

**സി. പ്രായോഗിക പരീക്ഷാകേന്ദ്രങ്ങൾ**

1. സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളും, അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളും പരീക്ഷാകേന്ദ്രങ്ങളായിരിക്കും. ഏതെങ്കിലും സ്കൂളിൽ പരീക്ഷ നടത്താൻ വേണ്ട ഭൗതിക സാഹചര്യം ഇല്ലെങ്കിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ആഫീസർ എന്നിവർ നിർദ്ദേശിക്കുന്ന സ്കൂളുകൾ ഐ.ടി. പ്രായോഗിക പരീക്ഷ കേന്ദ്രങ്ങളായി പ്രഖ്യാപിച്ചുകൊണ്ട് പരീക്ഷാസെക്രട്ടറി വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

2. ഐ.ടി. പ്രായോഗിക പരീക്ഷ നടത്താൻ നിശ്ചിത നിലവാരത്തിലുള്ള കമ്പ്യൂട്ടറുകൾ ആവശ്യത്തിനുള്ളതും എന്നാൽ എഴുത്തു പരീക്ഷാ കേന്ദ്രമായി പ്രഖ്യാപിക്കാത്തതുമായ സ്കൂളുകളെ പ്രത്യേക ഐ.ടി പരീക്ഷാകേന്ദ്രമായി (Special IT Exam Centre) പ്രഖ്യാപിക്കാൻ പരീക്ഷാ കമ്മീഷണർക്ക് അധികാരമുണ്ടായിരിക്കും.

**ഡി. 2012-13 മുതൽ 2016-17 വരെയുള്ള അധ്യയന വർഷങ്ങളിൽ നടന്ന ഐ.ടി. പരീക്ഷയിൽ ഉപരിപഠനത്തിനു യോഗ്യത നേടാത്ത വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ**

1. 2012-13 മുതൽ 2016-17 വരെ പൊതുപരീക്ഷയിൽ പങ്കെടുത്തെങ്കിലും ഐ.ടി. ക്ക് ഉപരിപഠനത്തിന് യോഗ്യത നേടാത്ത വിദ്യാർത്ഥികൾക്ക് പ്രൈവറ്റ് വിഭാഗത്തിൽ പരീക്ഷ എഴുതാവുന്നതാണ്.
2. ഇത്തരത്തിലുള്ള വിദ്യാർത്ഥികൾക്ക് ഐ.ടി. നിരന്തര മൂല്യനിർണ്ണയത്തിന് ആദ്യം ലഭിച്ച സ്കോർ തന്നെ നിലനിർത്തുന്നതായിരിക്കും.

## IV. സേവ് എ ഇയർ (SAY) പരീക്ഷ

2018-മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയിൽ ഉപരിപഠനത്തിന് അർഹത നേടാനാകാത്ത റഗുലർ വിദ്യാർത്ഥികൾക്ക് 2018 മേയ് മാസം നടത്തുന്ന സേവ് എ ഇയർ (SAY) പരീക്ഷ എഴുതാൻ അർഹതയുണ്ടായിരിക്കുന്നതാണ്. റിസൾട്ട് പ്രഖ്യാപിച്ച് 5 ദിവസത്തിനകം ഇതിനുള്ള അപേക്ഷ നൽകേണ്ടതാണ്. ഇതു സംബന്ധിച്ച് പ്രത്യേക വിജ്ഞാപനം യഥാസമയം പുറപ്പെടുവിക്കുന്നതാണ്.

## എസ്.എസ്.എൽ.സി. പരീക്ഷ മാർച്ച് 2018 –സമയവിവരപ്പട്ടിക

| തീയതി | ദിവസം | സമയം | വിഷയം |
|---|---|---|---|
| 07/03/2018 | ബുധൻ | ഉച്ചയ്ക്കുശേഷം 1.45 മുതൽ 3.30 വരെ | **ഒന്നാംഭാഷ– പാർട്ട് I** മലയാളം/തമിഴ്/കന്നട ഉറുദു/ഗുജറാത്തി/ അഡീ.ഇംഗ്ളീഷ്/അഡീ.ഹിന്ദി/ സംസ്കൃതം (അക്കാഡമിക്)/ സംസ്കൃതം ഓറിയന്റൽ– ഒന്നാം പേപ്പർ (സംസ്കൃത സ്കൂളുകൾക്ക്) അറബിക് (അക്കാഡമിക്)/ അറബിക് ഓറിയന്റൽ– ഒന്നാംപേപ്പർ (അറബിക് സ്കൂളുകൾക്ക്). |
| 08/03/2018 | വ്യാഴം | ഉച്ചയ്ക്കുശേഷം 1.45 മുതൽ 3.30 വരെ | **ഒന്നാം ഭാഷ പാർട്ട് II** മലയാളം/തമിഴ്/കന്നട/ സ്പെഷ്യൽ ഇംഗ്ളീഷ്/ ഫിഷറീസ് സയൻസ് (ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾക്ക്)/ അറബിക് ഓറിയന്റൽ– രണ്ടാം പേപ്പർ (അറബിക് സ്കൂളുകൾക്ക്)/ സംസ്കൃതം ഓറിയന്റൽ– രണ്ടാം പേപ്പർ(സംസ്കൃതം സ്കൂളുകൾക്ക്) |
| 12/03/2018 | തിങ്കൾ | ഉച്ചയ്ക്കുശേഷം 1.45 മുതൽ 4.30 വരെ | രണ്ടാം ഭാഷ ഇംഗ്ളീഷ് |
| 13/03/2018 | ചൊവ്വ | ഉച്ചയ്ക്കുശേഷം 1.45 മുതൽ 3.30 വരെ | മൂന്നാംഭാഷ ഹിന്ദി/ജനറൽ നോളഡ്ജ് |
| 15/03/2018 | വ്യാഴം | ഉച്ചയ്ക്കുശേഷം 1.45 മുതൽ 3.30 വരെ | ഊർജ്ജതന്ത്രം |
| 19/03/2018 | തിങ്കൾ | ഉച്ചയ്ക്കുശേഷം 1.45 മുതൽ 4.30 വരെ | ഗണിതശാസ്ത്രം |
| 21/03/2018 | ബുധൻ | ഉച്ചയ്ക്കുശേഷം 1.45 മുതൽ 3.30 വരെ | രസതന്ത്രം |
| 22/03/2018 | വ്യാഴം | ഉച്ചയ്ക്കുശേഷം 1.45 മുതൽ 3.30 വരെ | ജീവശാസ്ത്രം |
| 26/03/2018 | തിങ്കൾ | ഉച്ചയ്ക്കുശേഷം 1.45 മുതൽ 4.30 വരെ | സോഷ്യൽ സയൻസ് |

**പ്രത്യേക ശ്രദ്ധയ്ക്ക്**

1. അംഗീകരിച്ചിട്ടുള്ള ഇൻഡ്യൻ ഔദ്യോഗിക സമയക്രമം കൃത്യമായും പാലിക്കേണ്ടതാണ്.
2. പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറിയുടെ നിർദ്ദേശം ഇല്ലാതെ യാതൊരു കാരണവശാലും പരീക്ഷ മാറ്റിവയ്ക്കുവാൻ പാടുള്ളതല്ല.
3. പരീക്ഷാ സമയവിവരപട്ടികയിൽ നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ കൂടി മുകളിൽ പരാമർശിച്ച സമയവിവരപട്ടിക കർശനമായും പാലിക്കേണ്ടതാണ്.
4. പരീക്ഷയുടെ ആരംഭത്തിലെ 15 മിനിറ്റ് (1.45 മുതൽ 2 മണി വരെ) ആശ്വാസ സമയമായിരിക്കും (Cool off Time). ഈ സമയത്ത് യാതൊരു കാരണവശാലും കുട്ടികൾ ഉത്തരക്കടലാസിൽ ഉത്തരങ്ങൾ എഴുതുവാൻ പാടുള്ളതല്ല.

## പൊതുനിർദ്ദേശങ്ങൾ

### I. <u>പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ട വിധം</u>

സ്കൂൾ ഗോയിംഗ് കാൻഡിഡേറ്റ്സ് അപേക്ഷ പ്രത്യേകമായി നൽകേണ്ടതില്ല. മറ്റു വിഭാഗങ്ങളിലെ പരീക്ഷാർത്ഥികൾ അപേക്ഷയും പരീക്ഷാ ഫീസും വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള നിശ്ചിത തീയതികളിൽ അവർ തെരഞ്ഞെടുത്തിട്ടുള്ള പരീക്ഷാ കേന്ദ്രത്തിലെ ഹെഡ്മാസ്റ്ററെ ഏൽപ്പിക്കേണ്ടതാണ്.

ഓരോ വിഭാഗത്തിൽപ്പെടുന്നവർക്കും അപേക്ഷിക്കുന്നതിനായി പ്രത്യേകം അപേക്ഷാഫാറങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

- ♦ മേൽ സൂചിപ്പിച്ച ഫാറങ്ങൾ ഈ ഓഫീസിൽ നിന്ന് അച്ചടിച്ച് വിതരണം ചെയ്യുന്നതല്ല. എ-4 സൈസ് പേപ്പറിൽ ടൈപ്പ് ചെയ്യപ്പെട്ട ഫാറമോ കൈയെഴുത്തു ഫാറമോ ഉപയോഗിക്കാവുന്നതാണ്.
- ♦ ഈ വിജ്ഞാപനത്തിൽ നൽകിയിട്ടുള്ള മാതൃകയിലായിരിക്കണം ഫാറം തയ്യാറാക്കേണ്ടത്.
- ♦ പരീക്ഷാർത്ഥിയുടെ സ്വന്തം കൈപ്പടയിൽ ശ്രദ്ധാപൂർവ്വം ഫാറം പൂരിപ്പിക്കേണ്ടതാണ്.
- ♦ അപേക്ഷയോടൊപ്പം തിരിച്ചറിയൽ സർട്ടിഫിക്കറ്റും സമർപ്പിക്കേണ്ടതാണ്. (അനുബന്ധം എ1)
- ♦ പ്രൈവറ്റ് വിഭാഗത്തിൽപ്പെട്ട പരീക്ഷാർത്ഥികൾ ഉപരിപഠനത്തിന് അർഹത ലഭിക്കാതെ പോയ മുഴുവൻ വിഷയങ്ങളും അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഈ വിഷയങ്ങൾ ഏതൊക്കെയെന്ന് വളരെ ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തേണ്ടതും പരീക്ഷാഫീസ് പരീക്ഷാ സെന്ററിലെ ഹെഡ്മാസ്റ്ററെ ഏൽപ്പിക്കേണ്ടതുമാണ്.

- പ്രൈവറ്റ് പരീക്ഷാർത്ഥികൾ അവർ ആദ്യം എഴുതിയ സ്കൂളുകൾ തന്നെ പരീക്ഷാകേന്ദ്രങ്ങളായി തെരഞ്ഞെടുക്കേണ്ടതാണ്.
- ഇവർ മുമ്പ് എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ എല്ലാ ചാൻസിന്റെയും നമ്പറും വർഷവും അപേക്ഷാ ഫാറത്തിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഏതെങ്കിലും ചാൻസ് വിട്ടുപോകുകയോ മറച്ചുവയ്ക്കുകയോ ചെയ്താൽ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല.
- മുമ്പ് ലഭിച്ചിട്ടുള്ള മാർക്ക് ലിസ്റ്റിന്റെ ഫോട്ടോകോപ്പിയും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- പ്രൈവറ്റ് വിദ്യാർത്ഥികൾ <u>അഡ്മിഷൻ ടിക്കറ്റിൽ പതിക്കുന്നതിനായി തിരിച്ചറിയൽ സർട്ടിഫിക്കറ്റിൽ പതിച്ചിരിക്കുന്ന</u> ഫോട്ടോയുടെ ഒരു കോപ്പി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഫോട്ടോയുടെ മറുവശത്ത് പേരു കൂടി രേഖപ്പെടുത്തേണ്ടതാണ്.
- അപേക്ഷ, എസ്.എസ്.എൽ.സി കാർഡ് തുടങ്ങിയവ ഏതെങ്കിലും മദ്ധ്യവർത്തികളെ ഏൽപ്പിക്കാതിരിക്കാൻ അപേക്ഷകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- പൂർണ്ണമല്ലാത്തതും സമയപരിധിക്കുള്ളിൽ സമർപ്പിക്കാത്തതും നിശ്ചിത തുക മുഴുവൻ അടയ്ക്കാത്തതുമായ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

## II. പരീക്ഷാഫീസ്

| | രൂപ |
|---|---|
| (എ) സ്കൂൾ ഗോയിംഗ്, SGC,ARC,CCC, RAC വിഭാഗങ്ങൾ | 30.00 |
| (ബി) പ്രൈവറ്റ് വിഭാഗം (ഒരു പേപ്പറിന്) | 20.00 |
| (സി) ബെറ്റർമെന്റ് ഓഫ് റിസൾട്ട് വിഭാഗം | 200.00 |
| (ഡി) താമസിച്ച് ഒടുക്കുന്നതിനുള്ള പിഴ (ഫൈൻ) | 10.00 |

**ഒരു കാരണവശാലും പരീക്ഷാഫീസ് നേരിട്ട് തുകയായോ ചെക്കായോ മണിയോർഡറായോ പോസ്റ്റൽ ഓർഡറായോ മറ്റു വിധത്തിലോ ഈ ഓഫീസിലേക്ക് അയക്കുവാൻ പാടുള്ളതല്ല.** പരീക്ഷാ കേന്ദ്രത്തിലെ പ്രഥമാദ്ധ്യാപകൻ മുഖാന്തിരം മാത്രമേ പരീക്ഷാ ഫീസ് അടയ്ക്കുവാൻ പാടുള്ളു. ഒരിക്കൽ ഒടുക്കിയ പരീക്ഷാഫീസ് യാതൊരു കാരണവശാലും തിരിച്ചു കൊടുക്കുകയോ തുടർന്ന് വരുന്ന പരീക്ഷകൾക്ക് കണക്കാക്കുകയോ ഇല്ല. **താമസിച്ച് ലഭിക്കുന്ന അപേക്ഷകൾ യാതൊരുകാരണവശാലും സ്വീകരിക്കുന്നതല്ല.**

## III. പരീക്ഷാഫീസിൽ നിന്നും ഒഴിവാക്കൽ

1. ഗവൺമെന്റ് സ്കൂളുകളിൽ നിന്നോ എയിഡഡ് സ്കൂളുകളിൽ നിന്നോ പത്താം ക്ലാസിലെ പഠനം പൂർത്തിയാക്കി SGC ആയി വരുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിദ്യാർത്ഥികളെ പരീക്ഷാഫീസിൽനിന്നും ഒഴിവാക്കിയിരിക്കുന്നു. 03-10-2001 -ലെ G..O.Rt.No.3668/01 ജനറൽ എഡ്യൂക്കേഷൻ ഉത്തരവ് പ്രകാരം ബി.പി.എൽ ആണെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ നൽകുന്ന സാക്ഷ്യപത്രം കുട്ടികളുടെ രക്ഷകർത്താക്കളിൽ നിന്നും പ്രഥമാദ്ധ്യാപകർ വാങ്ങി സൂക്ഷിക്കേണ്ടതാണ്.
2. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും മറ്റ് അർഹതയുള്ള വിഭാഗത്തിൽപ്പെട്ടവരും (ഒ.ഇ.സി) പരീക്ഷ എഴുതുന്നതിന് ആദ്യത്തെ രണ്ട് പ്രാവശ്യത്തേക്കു ഫീസ് ഒടുക്കേണ്ടതില്ല.(17-6-1971 ലെ ഗവൺമെന്റ് ഉത്തരവ് ആർ.റ്റി 1387/71/എസ്.എഡ്യു.). ഒന്നാം തവണ പരീക്ഷ എഴുതി ഉപരിപഠനത്തിന് യോഗ്യത നേടാത്തവർ മൂന്നുകൊല്ലത്തിനകം രണ്ടാം തവണയും പരീക്ഷ എഴുതുന്നുവെങ്കിൽ മാത്രമേ പ്രസ്തുത ആനുകൂല്യം ലഭ്യമാകൂ.
3. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസില്ലാതെ അഞ്ചുവർഷം വരെ പരീക്ഷ എഴുതാവുന്നതാണ് (25-2-1981 ലെ ഗവൺമെന്റ് ഉത്തരവ് (ആർ.റ്റി) 680/81/ ജി. എഡ്യൂ).
4. അംഗീകൃത അനാഥാലയങ്ങളിലേയും സർക്കാർ ക്ഷേമസ്ഥാപനങ്ങളിലേയും അന്തേവാസികളായ പരീക്ഷാർത്ഥികളെ പരീക്ഷാഫീസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.
5. RAC,ARC, CCC, Betterment of Result Candidates എന്നീ വിഭാഗത്തിൽപ്പെടുന്നവർക്ക് ഫീസിളവിന് അർഹത ഉണ്ടായിരിക്കുകയില്ല.
6. മുകളിൽ (1) ൽ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പത്താം ക്ലാസിലെ പഠിത്തം പൂർത്തിയാക്കിയിട്ടുള്ള മാഹിയിലേയും ലക്ഷദ്വീപിലേയും വിദ്യാർത്ഥികൾക്ക് ആദ്യ തവണ പരീക്ഷ എഴുതുന്നതിന് ഫീസ് ഇളവ് ഉണ്ടായിരിക്കും.
7. അംഗീകാരമുള്ള അൺഎയിഡഡ് സ്കൂളുകളിൽ നിന്ന് പത്താംക്ലാസ്സിലെ പഠിത്തം പൂർത്തിയാക്കിയിട്ടുള്ളവർ (പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ടവരും കുടുംബികൾ ഉൾപ്പെടെ മതപരിവർത്തനം നടത്തിയവരും ഒഴികെ) പരീക്ഷ എഴുതുന്നതിനായി ഫീസ് ഒടുക്കേണ്ടതാണ്.

**സ്കൂൾ മേധാവികൾ പരീക്ഷാ ഫീസ് ശേഖരിച്ച് 0202-01-102-99 എന്ന ശീർഷകത്തിൽ ട്രഷറിയിൽ നിശ്ചിത തീയതിയിൽ തന്നെ ഒടുക്കുകയും ഒറിജിനൽ ചെല്ലാൻ രസീത്, അപേക്ഷയോടൊപ്പം ആവശ്യമായ പരിശോധനയ്ക്ക് സ്കൂളിൽ സൂക്ഷിക്കേണ്ടതുമാണ്. പ്രൈവറ്റ് വിഭാഗം പരീക്ഷാർത്ഥികളുടെ ഒറിജിനൽ എസ്.എസ്.എൽ.സി കാർഡ് കൂടി അപേക്ഷയോടൊപ്പം വാങ്ങേണ്ടതാണ്. കുട്ടികളുടെ ഓരോ ഇനത്തിലുള്ള ഫീസിനും സ്കൂളിൽ ഉപയോഗിക്കുന്ന ഫീസ് രസീത് ബുക്കിൽ നിന്നും രസീതുകൾ നൽകേണ്ടതാണ്.**

## IV. എസ്.എസ്.എൽ.സി കാർഡിന്റെ വില

എല്ലാ വിഭാഗത്തിൽപ്പെട്ട പരീക്ഷാർത്ഥികളും എസ്.എസ്.എൽ.സി കാർഡിന്റെ വിലയായി 15 രൂപ നൽകേണ്ടതാണ്. എന്നാൽ ജി.ഒ.(എം.എസ്) നം.6/09/പൊ.വി.വ.തീയതി 14/01/2009 പ്രകാരം അംഗീകൃത അനാഥാലയങ്ങളിലേയും സർക്കാർ ക്ഷേമസ്ഥാപനങ്ങളിലേയും അന്തേവാസികളായ പരീക്ഷാർത്ഥികളെ എസ്.എസ്.എൽ.സി കാർഡിന്റെ വില ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

പ്രഥമാദ്ധ്യാപകർ സർട്ടിഫിക്കറ്റ് കാർഡിന്റെ വില ശേഖരിച്ച് **0202–01–102–92** അദർ റെസീപ്റ്റ്സ് എന്ന ശീർഷകത്തിൽ 30/11/2017-ലോ അതിനു മുൻപായോ പ്രത്യേകമായി ഖജനാവിൽ ഒടുക്കേണ്ടതും അസൽ ചെലാൻ തുടർന്നുള്ള പരിശോധനകൾക്ക് പരീക്ഷാകേന്ദ്രത്തിൽ തന്നെ സൂക്ഷിക്കേണ്ടതുമാണ്.

## V. പരീക്ഷാർത്ഥികളുടെ വിവരങ്ങൾ ശേഖരിക്കുന്ന വിധം

സ്കൂൾ ഗോയിംഗ് കാൻഡിഡേറ്റ്സിന്റെ വിവരങ്ങളും ഫോട്ടോയും ഐ.റ്റി@സ്കൂൾ പദ്ധതിയായ 'സമ്പൂർണ്ണ''വഴി ശേഖരിക്കുന്നതാണ്. **20.11.2017** മുതൽ **16.12.2017** വരെ പരീക്ഷാഭവന്റെ വെബ്സെറ്റ് കുട്ടികളുടെ വിവരങ്ങൾ പരിശോധനയ്ക്കായി തുറക്കുന്നതും അതിൽ നിന്നും കാൻഡിഡേറ്റ്സ് ലിസ്റ്റ് ഡൗൺലോഡ് ചെയ്ത് പ്രിന്റെടുത്ത് പരിശോധിച്ച ശേഷം തിരുത്തലുകൾ ഉണ്ടെങ്കിൽ ഓൺലൈനിൽ തന്നെ അവ പരിഹരിച്ച് പ്രഥമാധ്യാപകൻ ഒപ്പിട്ട് **18.12.2017** നകം ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ എത്തിക്കേണ്ടതാണ്. പരീക്ഷാർത്ഥികളുടെ വിവരങ്ങൾ സ്കൂൾ രജിസ്റ്ററിൽ നിന്നും വ്യത്യസ്തമായി 'എ' ലിസ്റ്റിൽ ഉൾപ്പെടുവാനിടയായാൽ ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

RAC, ARC, CCC, BT വിഭാഗം പരീക്ഷാർത്ഥികളുടെ ലിസ്റ്റിന്റെയും, പ്രൈവറ്റ് വിഭാഗം വിദ്യാർത്ഥികളുടെ കാൻഡിഡേറ്റ്സ് ലിസ്റ്റിന്റെയും പ്രിന്റ് ഔട്ട് പ്രഥമാധ്യാപകർ തയ്യാറാക്കി **30.11.2017** വ്യാഴാഴ്ചയ്ക്ക് മുമ്പ് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ഇതിനാവശ്യമായ ലിസ്റ്റുകളുടെ ഫോർമാറ്റ് പരീക്ഷാഭവന്റെ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. പരീക്ഷാകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്ത പ്രൈവറ്റ് വിഭാഗം പരീക്ഷാർത്ഥികളുടെ വിവരങ്ങൾ സോഫ്റ്റ് വെയർ വഴി രേഖപ്പെടുത്തുമ്പോൾ ഓരോ വിദ്യാർത്ഥിയും മുൻവർഷങ്ങളിൽ പരീക്ഷ എഴുതിയ രജിസ്റ്റർ നമ്പരും വർഷവും കൃത്യമായി നൽകേണ്ടതാണ്. മുഴുവൻ അവസരങ്ങളുടെയും വിവരങ്ങൾ അപേക്ഷകളിൽ നൽകാത്തവർക്ക് പരീക്ഷ എഴുതുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

## VI ആബ്സെന്റീസ് സ്റ്റേറ്റുമെന്റ്

ഓരോ പരീക്ഷ കഴിയുമ്പോഴും പരീക്ഷയ്ക്ക് പങ്കെടുക്കാതിരുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ ഓൺ ലൈൻ വഴി രേഖപ്പെടുത്തേണ്ടതും, എല്ലാ പരീക്ഷകളും കഴിഞ്ഞ ശേഷം

കൺസോളിഡേറ്റഡ് ആബ്സെന്റീസ് ഷീറ്റ് iExaMS ൽ പ്രിന്റ് എടുത്ത് ജില്ലാവിദ്യാഭ്യാസ ഓഫീസുകളിൽ എത്തിക്കേണ്ടതാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എല്ലാ പരിക്ഷാകേന്ദ്രങ്ങളിലേയും ആബ്സെന്റീസ് സ്റ്റേറ്റുമെന്റ് ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്തി ആഫീസിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. ആബ്സെന്റീസ് സ്റ്റേറ്റുമെന്റ് യഥാസമയം ഓൺലൈൻ എൻട്രി നടത്താത്ത ചീഫ് സൂപ്രണ്ടുമാർക്കെതിരെ കർശന നടപടികൾ കൈകൊള്ളുന്നതായിരിക്കും.

## VII മറ്റ് നിർദ്ദേശങ്ങൾ

(എ) ഗൾഫ് മേഖലയിലേയും ലക്ഷദ്വീപിലേയും പരീക്ഷാകേന്ദ്രങ്ങളിലെ ഹെഡ്മാസ്റ്റർമാർ കഴിഞ്ഞ വർഷത്തെ എ & ബി ലിസ്റ്റിന്റെ അതേ ഫോർമാറ്റിൽ അവരവരുടെ കേന്ദ്രങ്ങളിലെ റെഗുലർ/ പ്രൈവറ്റ് പരീക്ഷാർത്ഥികളുടെ വിവരങ്ങൾ രേഖപ്പെടുത്തി **പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറിക്ക് 30/11/2017-ന് മുമ്പ് സമർപ്പിക്കേണ്ടതാണ്. പ്രഥമാദ്ധ്യാപകർ കാൻഡിഡേറ്റ് ലിസ്റ്റ് ഒപ്പിട്ട് സാക്ഷ്യപ്പെടുത്തിയിരിക്കണം.** പരീക്ഷാ ഫീസും കാർഡിന്റെ വിലയും ഡിമാന്റ് ഡ്രാഫ്റ്റായി പരീക്ഷാകമ്മീഷണറുടെ സെക്രട്ടറിയുടെ പേരിൽ അയയ്ക്കേണ്ടതുമാണ്.

(ബി) **പ്രൈവറ്റ് പരീക്ഷാർത്ഥികളിൽ നിന്നും പരീക്ഷാഫീസ് സ്വീകരിക്കുമ്പോൾ അവരുടെ എസ്.എസ്.എൽ.സി കാർഡിൽ തിരുത്തലുകളോ ക്രമക്കേടുകളോ നടന്നിട്ടില്ലെന്നും അപേക്ഷകളിൽ അവർ മുമ്പ് എഴുതിയ മുഴുവൻ അവസരങ്ങളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നും സ്കൂൾ മേധാവികൾ ഉറപ്പ് വരുത്തേണ്ടതാണ്.** അപേക്ഷയോടൊപ്പം എസ്.എസ്.എൽ.സി. കാർഡ് പരീക്ഷാകേന്ദ്രങ്ങളിൽ സൂക്ഷിക്കേണ്ടതും പുതിയ സർട്ടിഫിക്കറ്റ് ലഭിച്ചാലുടൻ പഴയ കാർഡ് സഹിതം പരീക്ഷാർത്ഥികൾക്ക് തിരികെ നൽകേണ്ടതുമാണ്. **യാതൊരു കാരണവശാലും ഒറിജിനൽ സർട്ടിഫിക്കറ്റ് പരീക്ഷാഭവനിലേയ്ക്ക് അയയ്ക്കുവാൻ പാടില്ല.**

(സി) ഒരേ പേരുള്ള ഒന്നിലധികം കുട്ടികൾ ഉണ്ടെങ്കിൽ അഡ്മിഷൻ ടിക്കറ്റ് വിതരണം ചെയ്യുമ്പോൾ ഇവരുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(ഡി) പരീക്ഷാകേന്ദ്രങ്ങളുടെ പട്ടിക പിന്നാലെ പ്രസിദ്ധീകരിക്കുന്നതാണ്.

(ഇ) പരീക്ഷാ സംബന്ധമായ മറ്റു വിശദാംശങ്ങൾ രേഖപ്പെടുത്തിയ അനുബന്ധ ഫോറങ്ങളുടെ (Questionpaper statement, details of fee remitted etc.,) വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന മാതൃകാ ഫോറങ്ങൾ പൂരിപ്പിച്ച് **15.12.2017** -നകം കാൻഡിഡേറ്റ്സ് ലിസ്റ്റിനൊപ്പം ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ എത്തിക്കേണ്ടതാണ്.

(എഫ്) പ്രൈവറ്റ് വിദ്യാർഥികളെ സംബന്ധിച്ചിടത്തോളം അവരെ ആദ്യമായി എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് അയച്ച സ്കൂൾ മുഖാന്തിരമാണ് പിന്നീടുള്ള പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ടത്. പരീക്ഷാകേന്ദ്രം മാറ്റണമെന്നുണ്ടെങ്കിൽ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ അനുവാദം കാലേകൂട്ടി വാങ്ങേണ്ടതാണ്.

(ജി) അപേക്ഷ പ്രകാരം നിശ്ചയിച്ചു തന്ന പരീക്ഷാ കേന്ദ്രം മാറുവാൻ യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.

(എച്ച്) പകർച്ചവ്യാധി പിടിപെട്ടിരിക്കുന്ന പരീക്ഷാർത്ഥികളെ പരീക്ഷയ്ക്കിരിക്കുവാൻ അനുവദിക്കുന്നതല്ല.

(ഐ) പരീക്ഷാർത്ഥികളുടെ എല്ലാ വിഷയങ്ങളുടെയും നിരന്തരമൂല്യനിർണ്ണയത്തിന്റെ സ്കോർ ജനുവരി അവസാന ആഴ്ചയിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ എത്തിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് കൂടുതൽ നിർദ്ദേശങ്ങൾ യഥാസമയം നൽകുന്നതാണ്.

**VIII. പരീക്ഷാഫീസ് ഒടുക്കേണ്ടതും കാൻഡിഡേറ്റ് ലിസ്റ്റ്സമർപ്പിക്കേണ്ടതുമായ തീയതികൾ**
.

| | | |
|---|---|---|
| (എ) | അപേക്ഷയും ഫീസും പിഴ കൂടാതെ പരീക്ഷ സെന്ററുകളിലെ ഹെഡ്മാസ്റ്റർമാർ സ്വീകരിക്കേണ്ട തീയതികൾ | 06/11/2017 മുതൽ 18/11/2017വരെ |
| (ബി) | 06/11/2017 മുതൽ 18/11/2017വരെ ലഭിച്ച ഫീസുകൾ ഖജനാവിൽ ഒടുക്കേണ്ട തീയതി | 20/11/2017 |
| (സി) | പിഴയോടുകുടി പരീക്ഷാഫീസും അപേക്ഷയും സ്വീകരിക്കേണ്ട തീയതികൾ | 20/11/2017 മുതൽ 25/11/2017 വരെ |
| (ഡി) | പിഴയോടുകൂടി ലഭിച്ചിട്ടുള്ള തുക ഖജനാവിൽ ഒടുക്കേണ്ട തീയതി | 27/11/2017 |
| (ഇ) | എസ്.എസ്.എൽ.സി കാർഡിന്റെ തുക ഹെഡ്മാസ്റ്റർമാർ ഖജനാവിൽ അടക്കേണ്ട അവസാന തീയതി | 28/11/2017 |
| (എഫ്) | സ്കൂൾ ഗോയിംഗ് കാൻഡിഡേറ്റ്സ് ഒഴികെയുള്ള പരീക്ഷാർത്ഥികളുടെ വിവരങ്ങൾ A, B ലിസ്റ്റിൽ ഉൾപ്പെടുത്തി ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിക്കേണ്ട അവസാന തീയതി (ARC, CCC, BT, Private വിഭാഗങ്ങൾ) | 30/11/2017 |

- നിശ്ചിത തീയതിക്കുശേഷം പരീക്ഷാകേന്ദ്ര മേധാവികൾക്ക് പരീക്ഷാർത്ഥികളിൽ നിന്നും അപേക്ഷ സ്വീകരിക്കാൻ അനുവാദമുണ്ടായിരിക്കുന്നതല്ല..
- പിരിച്ചെടുത്ത ഫീസുകൾ നിശ്ചയിച്ചിട്ടുള്ള തീയതികളിൽ തന്നെ ഖജനാവിൽ ഒടുക്കേണ്ട താണ്. വൈകിയുള്ള പണം ഒടുക്കൽ ഒരു കാരണവശാലും അനുവദിക്കുന്നതല്ല.
- അസ്സൽ ചെലാൻ, സർട്ടിഫിക്കറ്റ്, അപേക്ഷ എന്നിവ മറ്റു പരിശോധനകൾക്കായി പരീക്ഷാ കേന്ദ്രങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്.

## IX. എസ്.എസ്.എൽ. സി. പരീക്ഷയുടെ രേഖകൾ അയയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

RAC/ARC/CCC/BT/Private എന്നീ വിഭാഗം പരീക്ഷാർത്ഥികളുടെ പൂരിപ്പിച്ച ലിസ്റ്റുകൾ ഒരു കവറിലാക്കി പരീക്ഷാകേന്ദ്രത്തിന്റെ നമ്പർ, പേര്, ടെലിഫോൺ നമ്പർ, വിദ്യാഭ്യാസ

ജില്ലയുടെ പേര് എന്നിവ രേഖപ്പെടുത്തി ''സെക്രട്ടറി റ്റു ദി കമ്മീഷണർ ഫോർ ഗവൺമെന്റ് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം -12'' എന്ന മേൽവിലാസവും വ്യക്തമായി കാണിച്ച് 30.11.2017 വ്യാഴാഴ്ചയ്ക്ക് മുമ്പ് ബന്ധപ്പെട്ട ഡി.ഇ.ഒ മാർക്ക് കൈമാറ്റം ചെയ്യേണ്ടതാണ്.

## X. ഗ്രേസ് മാർക്ക് ആനുകൂല്യം

1. എസ്.എസ്.എൽ.സി പരീക്ഷാർത്ഥികളിൽ അർഹരായവർക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി ഗ്രേസ് മാർക്ക് അനുവദിച്ച് നൽകുന്നതാണ്.

2. **സംസ്ഥാന സ്കൂൾ കലോത്സവം, അറബിക് കലോത്സവം, സംസ്കൃതോത്സവം, സ്പെഷ്യൽ സ്കൂൾ കലോത്സവം, ശാസ്ത്ര മേള, ഗണിതശാസ്ത്ര മേള, സാമൂഹ്യശാസ്ത്ര മേള, പ്രവൃത്തി പരിചയ മേള, ഐ.റ്റി. മേള, സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് (രാഷ്ട്രപതി അവാർഡ്/രാജ്യപുരസ്ക്കാർ), ജൂനിയർ റെഡ് ക്രോസ്, ദേശീയ, സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസ്, എൻ.സി.സി, സ്റ്റുഡൻസ് പോലീസ് പദ്ധതി എന്നിവയിൽ അർഹതപ്പെട്ടവർക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നതാണ്.** (വിശദാംശങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള സർക്കുലറുകൾ കാണുക)

   സർക്കാർ ഉത്തരവ് (കൈ) 214/12/ ആഭ്യന്തരം, തീയതി 04/08/12 പ്രകാരം സ്റ്റുഡന്റ് പോലീസ് കേഡറ്റുകളായ എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് എൻ.സി.സി കേഡറ്റുകൾക്ക് നൽകി വരുന്നതിന് തുല്യമായ ഗ്രേസ് മാർക്ക് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

   സ.ഉ.(എം.എസ്) നം. 87/2012/പൊ.വി.വ തീയതി 24/03/12 പ്രകാരം സ്കൂൾ തലത്തിൽ എൻ.സി.സിയിൽ പേര് ചേർക്കപ്പെട്ടിട്ടുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും 75% ഹാജർ നില വെച്ചുകൊണ്ട് 5 ശതമാനം ഗ്രേസ് മാർക്കും ദേശീയതലത്തിൽ നേട്ടം കൈവരിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് 10 ശതമാനം ഗ്രേസ് മാർക്കും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

3. പൊതുവിദ്യാഭ്യാസ ഡയറക്ടർ സംസ്ഥാന തലത്തിൽ നടത്തുന്ന കേരള സ്റ്റേറ്റ് അത്ലറ്റിക് ചാമ്പ്യൻഷിപ്പ്/കേരള സ്കൂൾ അക്വാറ്റിക് മീറ്റ്/സ്കൂൾ ഗെയിംസ് ഫെസ്റ്റിവൽ മത്സരങ്ങളിൽ പങ്കെടുത്ത് നിശ്ചിത സ്ഥാനം നേടുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നതാണ് (അനുബന്ധം ജി).

4. അന്താരാഷ്ട മത്സരങ്ങളിൽ ഇന്ത്യയെ പ്രതിനിധീകരിക്കുന്നവർക്കും, നാഷണൽ സ്കൂൾ മീറ്റുകളിൽ പങ്കെടുക്കുന്നവർക്കും ഗ്രേസ് മാർക്ക് അനുവദിക്കുന്നതാണ്.

5. ദേശീയ, സംസ്ഥാന ബാല ശാസ്ത്ര കോൺഗ്രസ്സ്, എൻ.സി.സി, സ്പോർട്സ് ആൻഡ് ഗെയിംസ് ഇനങ്ങളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറും മറ്റു വിഭാഗങ്ങളിൽ വിദ്യാഭ്യാസ ഉപഡയറക്ടറുമാണ് ഗ്രേസ് മാർക്ക് അനുവദിച്ചു നൽകുന്നത്. പരീക്ഷാർത്ഥിക്ക് ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രേസ് മാർക്ക് ചേർത്ത് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

6. **പരീക്ഷാർത്ഥികൾക്ക് ഗ്രേസ് മാർക്ക് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് കഴിഞ്ഞ വർഷത്തെപ്പോലെ ഓൺലൈനായി 28/02/2018 ന് മുൻപായി പരീക്ഷാസെക്രട്ടറിക്ക് ലഭിക്കേണ്ടതാണ്.**

## XI. പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പരീക്ഷാനുകൂല്യങ്ങൾ

2018 മാർച്ചിൽ എസ്.എസ്.എൽ.സി പരീക്ഷയെഴുതുന്ന 40% മോ അതിലധികമോ വൈകല്യമുള്ള ശ്രവണവൈകല്യം (HI), കാഴ്ചവൈകല്യം (VI), ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ (MR), ഓട്ടിസം, മസ്തിഷ്ക സംബന്ധമായ വൈകല്യം (CP), അസ്ഥിസംബന്ധമായ വൈകല്യം (OH), എന്നീ വിഭാഗത്തിൽ പെട്ട പരീക്ഷാർത്ഥികൾക്കും, ഹീമോഫീലിയ, പഠനവൈകല്യം എന്നീ വിഭാഗം പരീക്ഷാർത്ഥികൾക്കും പരീക്ഷ ആനുകൂല്യങ്ങൾ അനുവദിക്കുന്നതാണ്.

(1) പരീക്ഷാനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ശ്രവണവൈകല്യം (HI), കാഴ്ചവൈകല്യം (VI), ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ (MR), ഓട്ടിസം, മസ്തിഷ്ക സംബന്ധമായ വൈകല്യം (CP), അസ്ഥിസംബന്ധമായ വൈകല്യം (OH) വിഭാഗം വിദ്യാർത്ഥികൾ 40% മോ അതിലധികമോ വൈകല്യമുണ്ടെന്ന് തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് (ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഒറിജിനൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് യാതൊരു കാരണവശാലും അപേക്ഷയോടൊപ്പം സമർപ്പിക്കുവാൻ പാടുള്ളതല്ല.

(2) പഠനവൈകല്യമുള്ള കുട്ടികൾ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം വൈകല്യം തെളിയിക്കുന്നതിനുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റോ നോട്ടിഫിക്കേഷൻ പ്രകാരമുള്ള നിർദ്ദിഷ്ട പ്രൊഫോർമയിൽ ഗവൺമെന്റ് സൈക്യാട്രിക് ഡോക്ടറിൽ നിന്നുള്ള സർട്ടിഫിക്കറ്റോ ഐ.ക്യൂ അസ്സസ്സ്മെന്റ് റിപ്പോർട്ട് സഹിതം സമർപ്പിക്കേണ്ടതാണ്. ഇങ്ങനെ സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകളിൽ ലേണിംഗ് ഡിസ്എബിലിറ്റി എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതും പരീക്ഷാർത്ഥിയുടെ ഐ.ക്യൂ. വ്യക്തമാക്കേണ്ടതുമാണ്.

(3) പരിശീലനം നേടിയ അദ്ധ്യാപകരുടെ സഹായത്തോടെ സ്കൂൾ തലത്തിൽ പഠനവൈകല്യമുള്ള കുട്ടികളുടെ സ്ക്രീനിംഗ് നടത്തുകയും ആയതിന്റെ പട്ടിക 2017 ഒക്ടോബർ 30 ന് മുൻപായി സ്കൂൾ പ്രധാന അദ്ധ്യാപകർ ഡി.ഇ.ഒ. ഓഫീസിൽ സമർപ്പിക്കേണ്ടതും, ഡി.ഇ.ഒ.മാർ മേൽ പട്ടികയിലെ കുട്ടികളെ റിസോഴ്സ് അദ്ധ്യാപകരുടെ സഹായത്തോടെ വീണ്ടും സ്ക്രീനിംഗ് നടത്തുകയും അങ്ങനെ കണ്ടെത്തുന്ന കുട്ടികൾ സർക്കാർ ആശുപത്രികളിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റുമാർ നൽകുന്ന ഐ.ക്യൂ. അസ്സസ്സ്മെന്റ് റിപ്പോർട്ട് സഹിതം 2017 നവംബർ 20 ന് മുൻപ് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് അഥവാ ഗവൺമെന്റ് സൈക്യാട്രിക് ഡോക്ടറിൽ നിന്നുള്ള സർട്ടിഫിക്കറ്റിനായി അപേക്ഷ ബന്ധപ്പെട്ട ഓഫീസിൽ നൽകേണ്ടതാണ്.

(4) L.D. വിഭാഗം കുട്ടികൾക്ക് IQ 71 മുതൽ 89 വരെ അധികസമയവും 90–110 വരെ വ്യാഖ്യാതാവ് അഥവാ സ്ക്രൈബിന്റെ സേവനവും അധികസമയവും മാത്രമേ

ലഭിക്കുകയുള്ളൂ. എന്നാൽ 71 മുതൽ 89 വരെ ഐ.ക്യൂ. രേഖപ്പെടുത്തിയിട്ടുള്ള വിദ്യാർത്ഥികൾക്ക് സ്ക്രൈബിന്റെ സേവനം ലഭിക്കാതെ പരീക്ഷയെഴുതുവാൻ സാധിക്കുകയില്ലായെങ്കിൽ  അതാത് ജില്ലകളിലെ ഗവൺമെന്റ് സൈക്യാട്രിക് ഡോക്ടർ ഐ.ക്യൂ. അസ്സസ്സ്മെന്റ് റിപ്പോർട്ടിനോടൊപ്പം സ്ക്രൈബിന്റെ സേവനം ഒഴിച്ചു കൂടാനാവാത്തതാണെന്ന് കാണിക്കുന്ന പ്രത്യേക സർട്ടിഫിക്കറ്റ് നൽകുകയാണെങ്കിൽ ടി വിദ്യാർത്ഥികൾക്കും സ്ക്രൈബിന്റെ സേവനം അനുവദിക്കുന്നതാണ്.

(5) സർക്കാർ മേഖലയിലുള്ള ക്ലിനിക്കൽ സൈക്കോളജിസ്റ്റ് നൽകുന്ന IQ Assessment Report മാത്രമേ പരിഗണിക്കുകയുള്ളൂ. ഗവൺമെന്റ് സൈക്കോളജിസ്റ്റ് ഇല്ലാത്ത ജില്ലകളിൽഡി.ഇ.ഒ.മാരുടെ മേൽനോട്ടത്തിൽ പ്രത്യേക ക്യാമ്പ് നടത്തി IQ Assessment Report നൽകുന്നതിനുള്ള നടപടി അതാത് ഡി.ഇ.ഓ. മാർ സ്വീകരിക്കേണ്ടതാണ്. അതായത് സ്വകാര്യ ആശുപത്രികളിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിസ്റ്റ് നൽകുന്ന സർട്ടിഫിക്കറ്റുകളോ ഐ.ക്യൂ.അസ്സസ്സ്മെന്റ് റിപ്പോർട്ടുകളോ പരീക്ഷാനുകൂല്യങ്ങൾ നൽകുന്നതിന് പരിഗണിക്കുന്നതല്ല.

(6) ഹീമോഫീലിയ ബാധിതരായ പരീക്ഷാർത്ഥികൾ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം സർക്കാർ മെഡിക്കൽ കോളേജുകൾ/സർക്കാർ ആശുപത്രികൾ എന്നിവിടങ്ങളിലെ ഹീമറ്റോളജി/മെഡിസിൻ/പീഡിയാട്രിക് വിഭാഗം ഡോക്ടർമാർ നൽകുന്ന സർട്ടിഫിക്കറ്റുകളുടെ (ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ) പകർപ്പ് സമർപ്പിക്കേണ്ടതാണ്.

(7) പരീക്ഷാ ഇളവുകൾക്ക് വേണ്ടിയുള്ള ശ്രവണവൈകല്യം (HI), കാഴ്ചവൈകല്യം (VI), ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ (MR), ഓട്ടിസം, മസ്തിഷ്ക സംബന്ധമായ വൈകല്യം (CP),  അസ്ഥിസംബന്ധമായ വൈകല്യം (OH), ഹീമോഫീലിയ  എന്നീ വിഭാഗം വിദ്യാർത്ഥികളുടെ അപേക്ഷകൾ പ്രധാന അദ്ധ്യാപകർ അനുബന്ധ രേഖകൾ സഹിതം <u>2017 നവംബർ 10-ന്</u> മുൻപായും പഠനവൈകല്യമുള്ളവരുടെ അപേക്ഷകൾ <u>2017 ഡിസംബർ 8-ന്</u> മുൻപായും അതത് ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്.

(8) ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പരീക്ഷാ ഇളവുകൾക്ക് അർഹരായ പഠന വൈകല്യമുള്ള വിദ്യാർത്ഥികൾ ഒഴികെയുള്ള ഭിന്നശേഷിക്കാരായ പരീക്ഷാർത്ഥികളുടെ അപേക്ഷകൾ, വിദ്യാർത്ഥികളുടെ ക്രോഡീകരിച്ച സ്റ്റേറ്റ്മെന്റ്, ശുപാർശ ചെയ്യുന്ന ഇളവുകൾ സഹിതം രേഖാമൂലവും സി.ഡി.യിലും (എക്സൽ ഫോർമാറ്റിൽ) അനുബന്ധ രേഖകളോടൊപ്പം <u>2017 നവംബർ 18-ന്</u> മുൻപായും  പഠനവൈകല്യമുള്ള കുട്ടികളുടെ അപേക്ഷ <u>2017 ഡിസംബർ 16-ന്</u> മുൻപായും പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്. <u>നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും ഡി.ഇ.ഓ. മാർ സ്വീകരിക്കുവാൻ പാടുള്ളതല്ല.</u>

(9) പരീക്ഷാനുകൂല്യത്തിനുള്ള അപേക്ഷകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ച സമയത്തിനുള്ളിൽ തന്നെ സമർപ്പിക്കേണ്ടതാണ്. അല്ലാത്തവ സ്വീകരിക്കുന്നതല്ല.

(10) ലക്ഷദ്വീപിലെ പരീക്ഷാർത്ഥികളുടെ അപേക്ഷകൾ എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേനയും ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള അപേക്ഷകൾ തിരുവനന്തപുരം ജില്ലാവിദ്യാഭ്യാസ ഓഫീസർ മുഖേനയുമാണ് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടത്.

(11) ശ്രവണവൈകല്യം (HI), ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ (MR) എന്നീ വിഭാഗം വിദ്യാർത്ഥികൾക്ക് മാത്രമേ ഗ്രേസ് മാർക്കിന് അർഹതയുള്ളു.

(12) അനർഹരായ വിദ്യാർത്ഥികൾ പരീക്ഷാനുകൂല്യങ്ങൾ നേടുന്നുവെന്ന് ബോദ്ധ്യപ്പെട്ടാൽ അവ ഏത് സമയത്തും പിൻവലിക്കാനുള്ള പൂർണ്ണ അധികാരം പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിക്ഷിപ്തമാണ്. കൂടാതെ ഇത്തരം ആനുകൂല്യങ്ങൾ ശുപാർശ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരേ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(13) പരീക്ഷാനുകൂല്യങ്ങൾ അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് www.education.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

## എസ്.എസ്.എൽ.സി. മാർച്ച് 2018 – സവിശേഷ സഹായം ആവശ്യമുള്ള വിദ്യാർത്ഥികൾക്കുള്ള പരീക്ഷാനുകൂല്യങ്ങൾ

ശ്രവണവൈകല്യം (HI), കാഴ്ചവൈകല്യം (VI), ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ (MR), ഓട്ടിസം, മസ്തിഷ്ക സംബന്ധമായ വൈകല്യം (CP), അസ്ഥിസംബന്ധമായ വൈകല്യം (OH), ഹീമോഫീലിയ, പഠനവൈകല്യം എന്നീ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷയിൽ താഴെ നിഷ്കർഷിക്കുന്ന പ്രകാരമാണ് പരീക്ഷ ആനുകൂല്യങ്ങൾ അനുവദിക്കുന്നത്.

### A) കാഴ്ചക്കുറവുള്ള വിദ്യാർത്ഥികൾ (Visually impaired)

i) ഓരോ മണിക്കൂറിനും പത്ത് മിനിറ്റ് വീതവും ബ്രെയ്ലി ലിപിയിൽ പരീക്ഷയെഴുതുന്നവർക്ക് 15 മിനിറ്റ് വീതവും അധികമായി ലഭിക്കുന്നതാണ്.

ii) ഗ്രാഫ്, ഡ്രോയിംഗ്, ഡയഗ്രംസ്, ജോമെട്രിക്കൽ ഫിഗേഴ്സ് തുടങ്ങിയ ചോദ്യങ്ങളിൽ നിന്നും ഒഴിവാക്കുന്നതാണ്.

iii) ആവശ്യമെങ്കിൽ ഉത്തരം കേട്ടെഴുതുന്നതിന് ഒരു സഹായിയെ (സ്ക്രൈബ്) അനുവദിക്കുന്നതാണ്.

iv) ആവശ്യമെങ്കിൽ ഈ വിഭാഗം വിദ്യാർത്ഥികൾക്ക് കണക്കു വിഷയം ഒഴിവാക്കാവുന്നതും പകരം കംപ്യൂട്ടർ വിദ്യാഭ്യാസം, റാട്ടൺ വർക്ക്, വോക്കൽ മ്യൂസിക്ക്, ഇൻസ്ട്രുമെന്റൽ മ്യൂസിക്ക് എന്നീ വിഷയങ്ങളിൽ ഏതെങ്കിലും ഒന്ന് തെരഞ്ഞെടുക്കാവുന്നതുമാണ്.

### B) ശ്രവണ വൈകല്യമുള്ള വിദ്യാർത്ഥികൾ (Hearing Impaired)

i) ഈ വിഭാഗം കുട്ടികളുടെ ഭാഷാ ജ്ഞാനക്കുറവ് പരിഗണിച്ച് അവർ എഴുത്തു പരീക്ഷയിൽ നേടുന്ന മാർക്കിന്റെ 25% ഗ്രേസ് മാർക്കായി ലഭിക്കുന്നതാണ്.

ii) ആവശ്യമെങ്കിൽ ഈ വിഭാഗം വിദ്യാർത്ഥികൾക്ക് ഒന്നാം ഭാഷ, രണ്ടാം ഭാഷ ഇവയിലേതെങ്കിലും ഒന്നും കൂടാതെ ഹിന്ദിയും ഒഴിവാക്കാവുന്നതാണ്. ഒഴിവാക്കുന്ന വിഷയങ്ങൾക്ക് പകരമായി (a) കംപ്യൂട്ടർ വിദ്യാഭ്യാസം (b) ഹോർട്ടി കൾച്ചർ (c) കേറ്ററിംഗ് (d) ഡ്രോയിംഗ് ആന്റ് പെയിന്റിംഗ് എന്നീ വിഷയങ്ങളിൽ താല്പര്യമുള്ളവ തെരഞ്ഞെടുക്കേണ്ടതാണ്. ഒന്നാം ഭാഷയിൽ രണ്ടു പേപ്പറുകൾ ഉള്ളതിനാൽ അവയ്ക്ക് പകരമായി മേൽപ്പറഞ്ഞ വിഷയങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം തെരഞ്ഞെടുക്കേണ്ടതാണ്.

iii) ഓരോ പേപ്പറിനും മണിക്കൂറിന് പത്ത് മിനിറ്റ് അധിക സമയവും ആവശ്യമെങ്കിൽ വ്യാഖ്യാതാവിന്റെ സേവനവും അനുവദിക്കുന്നതാണ്.

## C) <u>ശാരീരികമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ (Loco Motor Disability/ OH), സെറിബ്രൽ പാൾസി (CP)</u>

i) ശാരീരിക വൈകല്യം മൂലം കൈകൾ സ്വതന്ത്രമായി ചലിപ്പിക്കാൻ കഴിയാത്ത പരീക്ഷാർത്ഥികൾക്ക് ഓരോ മണിക്കൂറിനും 10 മിനിട്ട് വീതം അധിക സമയം അനുവദിക്കുന്നതാണ്.

ii) ഗ്രാഫ്, ഡയഗ്രം, ഡ്രോയിംഗ്, ജോമട്രിക്കൽ ഫിഗേഴ്സ് എന്നീ ചോദ്യങ്ങളിൽ നിന്ന് ആവശ്യമെങ്കിൽ ഒഴിവാക്കുന്നതാണ്.

iii) കൈകൾ ഉപയോഗിച്ച് എഴുതാൻ സാധിക്കാത്ത കുട്ടികൾക്ക് ഉത്തരം കേട്ടെഴുതുന്നതിന് സഹായിയെ (സ്ക്രൈബ്) അനുവദിക്കുന്നതാണ്.

## D) <u>ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ (Mental Retardation and Autism)</u>

ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് മുകളിൽ സൂചിപ്പിച്ച A,B,C വിഭാഗക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ച് അനുവദിക്കുന്നതാണ്. ഈ വിഭാഗം വിദ്യാർത്ഥികൾക്ക് തീയറി പേപ്പറുകൾക്ക് ലഭിക്കുന്ന മാർക്കിന്റെ 25% ഗ്രേസ് മാർക്ക് പരീക്ഷ പാസ്സാകുന്നതിനു വേണ്ടി മാത്രമായി അനുവദിക്കുന്നതാണ്. സ്ക്രൈബ്, ഇന്റർപ്രെട്ടർ ഇവയിൽ ഏതെങ്കിലും ഒരാളുടെ സേവനം മാത്രമേ ലഭിക്കുകയുള്ളൂ. ആയതിനാൽ ഏതെങ്കിലും ഒരാളുടെ സേവനം മാത്രമേ ആവശ്യപ്പെടാൻ പാടുള്ളൂ.

## E) <u>പഠനവൈകല്യം (Specific Learning Disability – SLD/LD)</u>

1) സ്ക്രൈബ്, ഇന്റർപ്രെട്ടർ ഇവയിൽ ഏതെങ്കിലും ഒരാളുടെ സേവനം മാത്രമേ ലഭിക്കുകയുള്ളൂ.
2) ഒരു പേപ്പറിന് മണിക്കൂറിന് 10 മിനിട്ട് അധിക സമയവും ആവശ്യമെങ്കിൽ വ്യാഖ്യാതാവിന്റെ സേവനവും ലഭിക്കുന്നതാണ്.
3) പഠനവൈകല്യമുള്ള കുട്ടികളിൽ ഡിസ്ഗ്രാഫിയ വിഭാഗത്തിന് ആവശ്യമെങ്കിൽ ഒന്നാം ഭാഷ, രണ്ടാം ഭാഷ ഇവയിൽ ഏതെങ്കിലും ഒന്നും കൂടാതെ ഹിന്ദിയും ഒഴിവാക്കാവുന്നതാണ്.

4) ഒഴിവാക്കുന്ന വിഷയങ്ങൾക്ക് പകരമായി (a) കംപ്യൂട്ടർ വിദ്യാഭ്യാസം, (b) ഹോർട്ടികൾച്ചർ, (c) കേറ്ററിംഗ്, (d) ഡ്രോയിംഗ് & പെയിന്റിംഗ് എന്നീ വിഷയങ്ങളിൽ താൽപര്യമുള്ളവ തെരഞ്ഞെടുക്കേണ്ടതാണ്.
5) ഒന്നാം ഭാഷയിൽ 2 പേപ്പറുകൾ ഉള്ളതിനാൽ അവയ്ക്ക് പകരമായി മേൽ പറഞ്ഞ വിഷയങ്ങളിൽ ഏതെങ്കിലും 2 വിഷയങ്ങൾ തെരഞ്ഞെടുക്കേണ്ടതാണ്.
6) പഠനവൈകല്യമുള്ള കുട്ടികളിൽ ഡിസ്കാൽക്കുലിയ വിഭാഗത്തിന് കണക്ക് വിഷയം ഒഴിവാക്കുകയോ അല്ലെങ്കിൽ പ്രസ്തുത വിഷയത്തിന് മാത്രമായി വ്യാഖ്യാതാവിന്റെ സേവനം ആവശ്യപ്പെടുകയോ ചെയ്യാവുന്നതാണ്.
7) കണക്ക് വിഷയം ഒഴിവാക്കുന്ന പരീക്ഷാർത്ഥികൾ പകരമായി കംപ്യൂട്ടർ വിദ്യാഭ്യാസം, റാട്ടൺ വർക്സ്, വോക്കൽ മ്യൂസിക്ക് എന്നീ വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിൽ പരീക്ഷ എഴുതേണ്ടതാണ്.

## F) ഹീമോഫീലിയ രോഗബാധിതരായ പരീക്ഷാർത്ഥികൾ

1) ഓരോ പേപ്പറിനും മണിക്കൂറിന് 10 മിനിറ്റ് അധികസമയം
2) ആവശ്യമെങ്കിൽ സ്ക്രൈബിന്റെയോ ഇന്റർപ്രെട്ടറുടെയോ (ഏതെങ്കിലും ഒരാളുടെ) സേവനം
3) സ്ക്രൈബിന്റെ സേവനം അനുവദിക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഡ്രോയിംഗ്, ഡയഗ്രം, ജ്യോമെട്രിക്കൽ ഫിഗേഴ്സ് തുടങ്ങിയവയിൽ നിന്നുള്ള ഇളവ് എന്നിവ അനുവദിക്കുന്നതാണ്.

(എ) മുതൽ (ഇ) വരെയുള്ള വിഭാഗങ്ങളിൽപ്പെട്ട ഏതെങ്കിലും പരീക്ഷാർത്ഥി ഒരു വിഷയത്തിന് പകരം മറ്റ് വിഷയങ്ങൾ തെരഞ്ഞെടുക്കുകയാണെങ്കിൽ ടി വിഷയങ്ങളുടെ പരീക്ഷ എസ്.എസ്.എൽ.സി. പൊതുപരീക്ഷകൾക്ക് ശേഷം അതാത് ജില്ലകളിലെ തെരഞ്ഞെടുക്കപ്പെടുന്ന സെന്ററുകളിൽ വച്ച് കേരള പരീക്ഷാഭവൻ നടത്തുന്നതാണ്. പ്രസ്തുത പരീക്ഷയുടെ തീയതി പരീക്ഷാഭവനിൽ നിന്നും ലഭിക്കുന്നതാണ്. ഭാഷാവിഷയങ്ങൾ, കണക്ക് എന്നിവ ഒഴിവാക്കുന്ന കുട്ടികളുടെ നിരന്തര മൂല്യനിർണ്ണയം (C.E.) നടത്തേണ്ടത് അവർ പകരം തെരഞ്ഞെടുക്കുന്ന വിഷയങ്ങളിൽ തന്നെ ആയിരിക്കണം.

## XII. പരീക്ഷാർത്ഥിത്വം റദ്ദാക്കൽ

ഏതെങ്കിലും വിദ്യാർത്ഥിയുടെ പരീക്ഷാർത്ഥിത്വം റദ്ദാക്കേണ്ട സാഹചര്യം ഉണ്ടാവുകയാണെങ്കിൽ ആയതിലേയ്ക്കായി നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷിക്കേണ്ടതാണ്. (ഫോറം അനുബന്ധം 'D' ആയി നൽകിയിരിക്കുന്നു). അപേക്ഷ 28/02/2018-ന് മുമ്പായി പരീക്ഷാസെക്രട്ടറിക്ക് ലഭിക്കേണ്ടതാണ്. അപേക്ഷാഫോറം അടങ്ങുന്ന കവറിനു മുകളിൽ "പരീക്ഷാർത്ഥിത്വം റദ്ദാക്കുന്നതിനുള്ള അപേക്ഷ" എന്ന് ചുവന്ന മഷിയിൽ രേഖപ്പെടുത്തേണ്ട-താണ്.

**ഐ.ടി പരീക്ഷയിൽ പങ്കെടുത്ത കുട്ടികളുടെ പരീക്ഷാർത്ഥിത്വം റദ്ദാക്കാൻ കഴിയുന്നതല്ല.**

**കുറിപ്പ്**

**എസ്.എസ്.എൽ.സി പരീക്ഷയോടനുബന്ധിച്ചുള്ള നോട്ടിഫിക്കേഷനിലെ വ്യവസ്ഥകൾക്ക് പുതിയ സർക്കാർ ഉത്തരവുകൾ, പരീക്ഷാകമ്മീഷണറുടെ ഉത്തരവുകൾ എന്നിവ അടിസ്ഥാനമാക്കി മാറ്റം ഉണ്ടാകാവുന്നതാണ്.**

## XIII. അഡ്മിഷൻ ടിക്കറ്റ് വിതരണം

**(എ) റഗുലർ വിദ്യാർത്ഥികൾ -**

റഗുലർ വിദ്യാർത്ഥികളുടെ ഫോട്ടോയോടു കൂടിയ അഡ്മിഷൻ ടിക്കറ്റുകൾ മുൻ വർഷത്തെ പോലെ ഓൺലൈൻ വഴി ചീഫ് സൂപ്രണ്ടുമാർക്ക് ലഭിക്കുന്നതാണ്.

- പരീക്ഷ ആരംഭിക്കുന്നതിന് മൂന്നു ദിവസം മുമ്പെങ്കിലും അഡ്മിഷൻ ടിക്കറ്റ് നൽകേണ്ടതാണ്.
- അഡ്മിഷൻ ടിക്കറ്റുകൾ ലഭിച്ചാൽ ഉടൻ തന്നെ പരീക്ഷാർത്ഥികൾ അവയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ വിശദമായി പരിശോധിക്കേണ്ടതും അതിൽ ഏന്തെങ്കിലും തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ ഉടൻ തന്നെ ബന്ധപ്പെട്ട ചീഫ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് തിരുത്തിവാങ്ങേണ്ടതുമാണ്. പരീക്ഷ തുടങ്ങിയതിനുശേഷമുള്ള പരാതികൾ സ്വീകരിക്കുന്നതല്ല. **ഇക്കാര്യം സ്കൂൾ നോട്ടീസ് ബോർഡിൽ പ്രത്യേകം പ്രസിദ്ധീകരിക്കേണ്ടതുമാണ്.**
- അഡ്മിഷൻ ടിക്കറ്റ് നൽകുന്നതു സംബന്ധിച്ച് ഒരു രജിസ്റ്റർ ചീഫ് സൂപ്രണ്ട് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## XIV. പരീക്ഷാ ചെലവുകൾക്കുള്ള ഫണ്ടുകൾ അനുവദിക്കുന്നതിനുള്ള അധികാരം

**എസ്.എസ്.എൽ.സി പരീക്ഷ സംബന്ധിച്ചുള്ള ചെലവുകൾ -** ചീഫ് സൂപ്രണ്ടുമാർ സ്കൂൾ സ്പെഷ്യൽ ഫീ ഫണ്ടിൽ നിന്നും താല്ക്കാലികമായി പിൻവലിച്ചാണ് ചെലവുകൾ വഹിക്കേണ്ടത്. ചെലവായ തുകകളുടെ അഡ്മിസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുവാനും റീക്യൂപ്പ് ചെയ്യുവാനുള്ള തുക അനുവദിക്കുവാനും ജില്ലാ വിദ്യാഭ്യാസ ആഫീസർമാരെ 10/04/2012 ലെ **സർക്കാർ ഉത്തരവ് നം. ജി.ഒ. (എം.എസ്.) നം. 112/2012 പൊ.വി.വ. പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്.** ഇതിനായി നിർദ്ദിഷ്ട ഫോറത്തിൽ ചീഫ് സൂപ്രണ്ടുമാർ എല്ലാ വർഷവും ഏപ്രിൽ മാസാന്ത്യത്തിനു മുമ്പായി ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്ക് തങ്ങളുടെ സ്റ്റേറ്റ്മെന്റോടുകൂടി അപേക്ഷ നൽകേണ്ടതാണ്. പരീക്ഷകളുടെ കണ്ടിജൻസി തുക അനുവദിക്കുന്നത് സംബന്ധിച്ച് കൃത്യമായ നിർദ്ദേശങ്ങൾ പരീക്ഷാ കമ്മീഷണറുടെ 11.08.2010 ലെ ജി2/49919/09/സി.ജി.ഇ സർക്കുലറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## XV. ക്രമക്കേടുകൾ

പരീക്ഷാവേളയിൽ ഏതെങ്കിലും പരീക്ഷാർത്ഥി ക്രമക്കേടുകൾ ചെയ്യുകയോ ചെയ്യാൻ ശ്രമിക്കുകയോ ചെയ്താൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻമാർ അതിൻമേൽ കൈകൊള്ളുന്ന തീരുമാനം അംഗീകരിച്ചുകൊള്ളാമെന്ന് വിദ്യാർത്ഥി എഴുതി സമർപ്പിച്ചാൽ പ്രസ്തുത പരീക്ഷാർത്ഥിയെ ഉടനടി ഹാളിൽ നിന്നും പുറത്താക്കേണ്ടതില്ല. അയാളെ തുടർന്ന് പരീക്ഷ എഴുതുവാൻ അനുവദിക്കാവുന്നതാണ്. അടുത്തിരിക്കുന്ന വിദ്യാർത്ഥിയുടെ പരീക്ഷാപേപ്പർ നോക്കി എഴുതുക, മറ്റു കുട്ടികൾക്ക് കണ്ടെഴുതുവാൻ സൗകര്യം നൽകുക, അന്യോന്യം സംസാരിക്കുക, എഴുതിയതോ അച്ചടിച്ചതോ ആയ കടലാസുകളുമായി പരീക്ഷാഹാളിനകത്ത് പ്രവേശിക്കുക തുടങ്ങിയ പ്രവൃത്തികൾ ശിക്ഷാർഹമാകുന്നു. പരീക്ഷ നടന്നു കൊണ്ടിരിക്കു മ്പോൾ ഹാളിനകത്തോ, സ്കൂൾ പരിസരത്തോ ഏതെങ്കിലും വിദ്യാർത്ഥി പരീക്ഷാ നടത്തിപ്പിന് വിഘാതമായി പെരുമാറുകയോ അതിന് പ്രേരിപ്പിക്കുകയോ ചെയ്തതായി പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിന് ബോധ്യമായാൽ പ്രസ്തുത വിദ്യാർത്ഥിയെ പരീക്ഷ എഴുതുന്നതിൽ നിന്നും വിലക്കു കൽപ്പിക്കാവുന്നതാണ്. ചീഫ് സൂപ്രണ്ടിന്റെ റിപ്പോർട്ടിൻമേൽ പ്രസ്തുത പരീക്ഷാർത്ഥിയുടെ/പരീക്ഷാർത്ഥികളുടെ പേരിൽ കർശനമായ ശിക്ഷാനടപടികൾ സ്വീകരി ക്കുന്നതാണ്. **Cooloff time** -ൽ പരീക്ഷ എഴുതുക/പരീക്ഷാ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന വരോട് അശ്ലീല ഭാഷ ഉപയോഗിക്കുക, മഷി കുടയുക, അപമര്യാദയായി പെരുമാറുക, മാർഗ്ഗ തടസ്സമുണ്ടാക്കുക, കയ്യേറ്റം ചെയ്യുകയോ/കയ്യേറ്റം ചെയ്യാൻ ശ്രമിക്കുകയോ, പ്രേരിപ്പിക്കുകയോ ചെയ്യുക, ഭീഷണിപ്പെടുത്തുക തുടങ്ങിയവ (സ്കൂളിനകത്തുവച്ചും സ്കൂളിനു പുറത്തു വച്ചും) ശിക്ഷാർഹമായ പ്രവൃത്തികളാണ്. ഇത്തരം സന്ദർഭങ്ങളിൽ ഇതിന് കാരണക്കാരായവരുടെ പരീക്ഷാഫലം തടഞ്ഞുവയ്ക്കുന്നതാണ്. കൂടാതെ കുറ്റത്തിന്റെ ഗൗരവമനുസരിച്ച് ക്രിമിനൽ കേസുകൾ ചാർജ് ചെയ്യുന്നതുമായിരിക്കും. ഇതുമായി ബന്ധപ്പെട്ട് ജോയിന്റ് കമ്മീഷണർ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും.

## XVI. എസ്.എസ്.എൽ.സി.കാർഡുകളുടെ വിതരണം

(എ) **ഗ്രേഡ് രേഖപ്പെടുത്തിയ എസ്.എസ്.എൽ.സി കാർഡുകൾ വിതരണം ചെയ്യുന്നതിനായി ബന്ധപ്പെട്ട ഹെഡ്മാസ്റ്റർമാർക്ക് ജില്ലാ വിദ്യാഭ്യാസ ഓഫീസ് വഴി അയച്ചു കൊടുക്കുന്നതാണ്. വിദ്യാർത്ഥിയെ സംബന്ധിച്ച് തെറ്റായ വിവരം രേഖപ്പെടുത്തിയതോ, പരീക്ഷാ സെക്രട്ടറിയുടെ ഒപ്പും സീലും ഇല്ലാത്തതോ, പ്രിന്റ് തെളിയാത്തതോ ആയ എസ്.എസ്.എൽ.സി കാർഡുകൾ വിതരണം ചെയ്യാൻ പാടുള്ളതല്ല.** ഇക്കാര്യം പരീക്ഷാ സെക്രട്ടറിയെ സ്കൂൾ അധികൃതർ രേഖാമൂലം അറിയി ക്കേണ്ടതും വിതരണം ചെയ്യാൻ സാധിക്കാത്ത സർട്ടിഫിക്കറ്റുകൾ മടക്കി നൽകി ശരിയായ സർട്ടിഫിക്കറ്റ് പരീക്ഷാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ബി) എസ്.എസ്.എൽ.സി കാർഡ് പരീക്ഷാർത്ഥികൾക്ക് നൽകുന്നതിനു മുൻപ് പ്രധാനാദ്ധ്യാപകൻ സർട്ടിഫിക്കറ്റിലെ വിവരങ്ങൾ ഡ്യൂപ്ലിക്കേറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ എസ്.എസ്.എൽ.സി കാർഡിന്റെ ഫോട്ടോകോപ്പി എടുത്ത്

സൂക്ഷിക്കുകയോ ചെയ്യേണ്ടതാണ്. **സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിനു മുമ്പായി സർട്ടിഫിക്കറ്റ് കൈപ്പറ്റിയതായി പ്രത്യേക രജിസ്റ്ററിൽ കുട്ടിയുടെ കൈയൊപ്പ് വാങ്ങേണ്ടതാണ്.** കാർഡിന്റെ വിവരശേഖരണ ഭാഗത്ത് അടിയിലായി ഹെഡ്മാസ്റ്ററുടെ ഒപ്പ് **കറുത്ത മഷിയിൽ** പതിക്കേണ്ടതാണ്. പേരും ഔദ്യോഗിക മേൽവിലാസവും രേഖപ്പെടുത്തി സ്ഥാപനത്തിന്റെ മുദ്ര കൂടി പതിച്ചുവേണം കാർഡുകൾ പരീക്ഷാർത്ഥികൾക്കു നൽകേണ്ടത്.

**(സി) തിരുത്തലുകൾ ആവശ്യമായ സർട്ടിഫിക്കറ്റുകൾ റിസൾട്ട് പ്രസിദ്ധീകരിച്ച് ആറ് മാസത്തിനകം ബന്ധപ്പെട്ട രേഖകൾ സഹിതം പരീക്ഷാ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.**

**(ഡി) സർട്ടിഫിക്കറ്റിൽ ഒപ്പിടുന്നത് കറുത്ത മഷിയിലായിരിക്കണം. പച്ച മഷി ഉപയോഗിക്കുവാൻ പാടുള്ളതല്ല. അത്തരം സർട്ടിഫിക്കറ്റുകൾ ഉപയോഗശൂന്യമായി കണക്കാക്കുന്നതാണ്.**

**(ഇ) സർട്ടിഫിക്കറ്റുകൾ ലാമിനേറ്റ് ചെയ്യുവാനോ പ്ലാസ്റ്റിക് കവറിൽ സൂക്ഷിക്കുവാനോ പാടുളളതല്ല. സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്ന സമയത്ത് പ്രധാനാധ്യാപകർ** പരീക്ഷാർത്ഥികൾ**ക്ക് നിർദ്ദേശം** നൽകേണ്ടതാണ്.

## XVII. ഉത്തരക്കടലാസുകളുടെ പുന:പരിശോധനയും ഫോട്ടോകോപ്പിയും പുനർമൂല്യനിർണയവും

മൂല്യനിർണയം നടത്തിയ ഉത്തരക്കടലാസുകളുടെ സ്ക്രൂട്ടിനി, ഫോട്ടോകോപ്പി, പുനർമൂല്യനിർണയം എന്നിവയ്ക്ക് പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി **അഞ്ചു ദിവസത്തിനകം online വഴി അപേക്ഷിക്കുകയും അപേക്ഷയുടെ പ്രിന്റ് ഔട്ട് പരീക്ഷ എഴുതിയ സെന്ററിലെ ഹെഡ്മാസ്റ്റർക്കു** നൽകേണ്ടതുമാണ്. നിശ്ചിത ഫീസ് പണമായി അപേക്ഷയോടൊപ്പം ഹെഡ്മാസ്റ്ററെ ഏൽപ്പിക്കേണ്ടതുമാണ്. അപേക്ഷകളും ഫീസും പരീക്ഷാഭവനിൽ നേരിട്ട് സ്വീകരിക്കുന്നതല്ല. ഓരോന്നിനുമുള്ള നിബന്ധനകൾ താഴെ കൊടുത്തിരിക്കുന്നു.

### (എ) പുന:പരിശോധന (Scrutiny)

(1) പേപ്പർ ഒന്നിന് 50 രൂപ ക്രമത്തിൽ ഫീസ് ഒടുക്കേണ്ടതാണ്.

(2) പുനർമൂല്യ നിർണ്ണയത്തിന് അപേക്ഷിക്കുന്ന പേപ്പറുകൾക്ക് പ്രത്യേകം പുനഃപരിശോധന ആവശ്യമില്ല.

(3) അടയ്ക്കുന്ന തുക മടക്കികൊടുക്കുകയോ മറ്റേതെങ്കിലും ആവശ്യത്തിന് മാറ്റി പരിഗണിക്കുകയോ ചെയ്യുന്നതല്ല.

### (ബി) ഫോട്ടോകോപ്പി

(1) ഫോട്ടോകോപ്പി ലഭിക്കുന്നതിന് ഫീസായി ഒരു പേപ്പറിനു 200 രൂപയായി (ഇരുന്നൂറു രൂപാ മാത്രം) നിശ്ചയിച്ചിരിക്കുന്നു.

(2) **ഫോട്ടോ കോപ്പി ലഭിച്ചതിനു ശേഷം പുനർമൂല്യനിർണ്ണയത്തിന് നൽകുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.**

(3) അടയ്ക്കുന്ന തുക മറ്റേതെങ്കിലും ആവശ്യത്തിന് മാറ്റി പരിഗണിക്കുകയോ മടക്കി കൊടുക്കുകയോ ചെയ്യുന്നതല്ല.

## (സി) പുനർ മൂല്യനിർണ്ണയം

(1) ഉത്തരക്കടലാസുകൾ രണ്ടാമതു മൂല്യനിർണയം നടത്തുന്നതിന് പരീക്ഷാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. അതിലേക്കുള്ള ഫീസ് പേപ്പർ ഒന്നിന് 400 രൂപ ക്രമത്തിൽ നിശ്ചയിച്ചിരിക്കുന്നു.

(2) 2016-17 മുതൽ എ+ ലഭിക്കുന്ന വിഷയങ്ങൾക്കും പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കാവുന്നതാണ്.

(3) ഇപ്രകാരം അപേക്ഷകൾ നൽകുന്നവർ അതേ പേപ്പറിന് സ്ക്രൂട്ടിനിക്ക് വേണ്ടി പ്രത്യേകം അപേക്ഷിക്കേണ്ടതില്ല.

(4) സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 157/08/പൊ.വി.വ. തീയതി 08/09/2008 പ്രകാരം എസ്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസ് പുനർമൂല്യനിർണയത്തിൽ ഉയർന്ന ഗ്രേഡ് ലഭിക്കുന്നവർക്ക് ഇതിനായി നൽകിയ ഫീസ് തിരികെ കൊടുക്കുന്നതാണ്.

(5) പുനർമൂല്യനിർണയത്തിൽ ഉയർന്ന ഗ്രേഡ് നേടുന്നവർക്ക് പുതുതായി ലഭിച്ച ഗ്രേഡുകൾ ഉൾപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ സ്കൂൾ ഹെഡ്മാസ്റ്റർ വഴി വിതരണം ചെയ്യുന്നതാണ്. ഇതോടൊപ്പം നൽകിയ ഫീസും തിരികെ ലഭിക്കുന്നതാണ്.

(6) പുനർമൂല്യനിർണ്ണയത്തിലൂടെയോ സൂക്ഷ്മപരിശോധനയിലൂടെയോ ഗ്രേഡ് ഉയർത്തിയിട്ടുള്ള സർട്ടിഫിക്കറ്റുകൾ പ്രസ്തുത ഫല പ്രഖ്യാപനതീയതിമുതൽ 6 മാസത്തിനകം പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിന്റെ റിപ്പോർട്ടോടുകൂടി പരീക്ഷാ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. ഉത്തരക്കടലാസുകളുടെ സ്ക്രൂട്ടിണി, ഫോട്ടോകോപ്പി, പുനർമൂല്യ നിർണ്ണയം എന്നിവയ്ക്കായി സ്കൂളിൽ ലഭിച്ച അപേക്ഷകളുടെ സംക്ഷിപ്ത വിവരം ഹെഡ്മാസ്റ്റർമാർ പരീക്ഷാഭവനിലേയ്ക്ക് upload ചെയ്യേണ്ടതാണ്.

## (ഡി) സ്കോർ വിവരം അറിയുന്നതിന്

പരീക്ഷാർത്ഥികൾക്ക് യാതൊരു കാരണവശാലും ലഭിച്ച സ്കോർ വിവരം നൽകുന്നതല്ല. എന്നാൽ ഉപരിപഠനത്തിനു പോകുന്നവർക്ക് പ്രവേശനത്തിനായി എസ്.എസ്.എൽ.സി പരീക്ഷയിൽ ലഭിച്ച സ്കോർ ആവശ്യമുണ്ടെങ്കിൽ വെള്ളപേപ്പറിൽ എഴുതിയ അപേക്ഷയും കേരളത്തിനു പുറത്തുള്ളവർ 100/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റും കേരളത്തിനു അകത്തുള്ളവർ 100/- രൂപയുടെ ചെലാനും (0202-01-102-92 അദർ റെസീപ്റ്റ്സ്) സഹിതം പരീക്ഷാ സെക്രട്ടറിക്ക് അപേക്ഷിച്ചാൽ, ചേരാനുദ്ദേശിക്കുന്ന സ്ഥാപനമേധാവിക്ക് രഹസ്യമായി സ്കോർ വിവരം അയച്ചുകൊടുക്കുന്നതാണ്.

പത്താം തരം പരീക്ഷ എഴുതി രണ്ടു വർഷം കഴിഞ്ഞവർക്ക് 200 രൂപ ചെലാൻ/ഡി.ഡി അടച്ചാൽ ലഭിച്ച സ്കോർ അപേക്ഷകന് നേരിട്ട് നൽകുന്നതാണ്.

ജോലിയുടെ ആവശ്യത്തിനും ഇതുപോലെ സ്കോർ വിവരം അറിയിക്കുന്നതാണ്.

## (ഇ) മൈഗ്രേഷൻ സർട്ടിഫിക്കറ്റ്

പത്താം ക്ളാസ് പരീക്ഷ പാസ്സായവർക്ക് മറ്റു സംസ്ഥാനങ്ങളിൽ തുടർ പഠനം നടത്തുന്നതിന് ആവശ്യമായ മൈഗ്രേഷൻ സർട്ടിഫിക്കറ്റ് പരീക്ഷാഭവനിൽ നിന്ന് നൽകുന്നതാണ്. ഇതിനായി നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷ 50/- രൂപ ചെലാനും (0202-01-102-92 അദർ റസീപ്റ്റ്സ്) ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ പകർപ്പും സഹിതം അപേക്ഷിക്കേണ്ടതാണ്. (അനുബന്ധം ജെ)

## എഫ്) പരീക്ഷാസെന്ററിൽ ലഭിച്ച ഫീസ് ഒടുക്കുന്നത് സംബന്ധിച്ച്

ഉത്തക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം, സ്ക്രൂട്ടിനി, ഫോട്ടോകോപ്പി എന്നിവയ്ക്കുവേണ്ടി സ്വീകരിക്കുന്ന ഫീസിൽ നിന്നും പുനർമൂല്യനിർണ്ണയത്തിൽ, ഉയർന്ന ഗ്രേഡ് ലഭിക്കുന്നവർക്ക് തിരികെ നൽകിയതിനു ശേഷമുള്ള തുക "0202-01-102-92 അദർ റെസീപ്റ്റ്സ്" എന്ന ശീർഷകത്തിൽ ഒടുക്കി ചെലാന്റെ ഫോട്ടോകോപ്പിയും സ്റ്റേറ്റ്മെന്റും പരീക്ഷാ ഭവനിലേയ്ക്ക് അയച്ചുതരേണ്ടതാണ്.

പരീക്ഷാർത്ഥികളുടെ വിവരങ്ങളടങ്ങിയ എ ലിസ്റ്റിൽ തെറ്റ് വരുത്തുക, വിതരണത്തിന് നൽകുന്ന സർട്ടിഫിക്കറ്റുകളിൽ പച്ച മഷി ഉപയോഗിച്ച് ഒപ്പ് രേഖപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികൾ ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കുന്നതാണ്. അതിനാൽ പരീക്ഷയുടെ എ ലിസ്റ്റ് തയ്യാറാക്കുന്നത് മുതൽ സർട്ടിഫിക്കറ്റ് വിതരണം പൂർത്തിയാക്കുന്നത് വരെയുള്ള കാര്യങ്ങൾ അതീവ ശ്രദ്ധയോടു കൂടി എല്ലാ ചീഫ് സൂപ്രണ്ടുമാരും നിർവ്വഹിക്കേണ്ടതാണ്.

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് ഈ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

കെ.വി.മോഹൻകുമാർ ഐ.എ.എസ്
**പരീക്ഷാകമ്മീഷണർ**

**അനുബന്ധം – എ**

## എസ്.എസ്.എൽ.സി പരീക്ഷ – മാർച്ച് 2018

## അപേക്ഷാഫാറം [PVT/BT]

1. പരീക്ഷാ കേന്ദ്രത്തിന്റെ പേരും സെന്റർ കോഡും :

2. പരീക്ഷാർത്ഥിയുടെ പേര് :

3. ആൺകുട്ടി/ പെൺകുട്ടി :

4. മേൽവിലാസം ഫോൺ നമ്പർ :

5. മതവും ജാതിയും :

6. ഫീസിളവിന് അർഹതയുണ്ടോ? എങ്കിൽ ഏത് വിഭാഗം :

7. ജനനത്തീയതി :

8. രക്ഷകർത്താവിന്റെ പേര് :

9. പഠന മാധ്യമം :

10. പരീക്ഷ എഴുതുന്ന സ്കീം-Old/New :

11. പരീക്ഷ എത്രാമത്തെ തവണയാണ് എഴുതുന്നത് :

12. ഉപരിപഠനത്തിന് അർഹത ലഭിക്കാത്ത എത്ര പേപ്പറുകളുണ്ട് :

13. പരീക്ഷ എഴുതുന്ന പേപ്പറുകളുടെ വിവരം

| ക്രമ നമ്പർ | പേപ്പറിന്റെ പേര് | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |

14. **മുൻപ് പരീക്ഷ എഴുതിയ മുഴുവൻ അവസരങ്ങളുടെയും വിവരങ്ങൾ**

| ക്രമ നം | രജിസ്റ്റർ നമ്പർ | വർഷം |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |

15. **ജയിച്ച എല്ലാ പേപ്പറുകളുടേയും വിവരങ്ങൾ**

| ക്രമ നമ്പർ | രജിസ്റ്റർ നമ്പർ | വർഷം | വിഷയം | ലഭിച്ച ഗ്രേഡ് |
|---|---|---|---|---|
| 1 | | | | |
| 2 | | | | |
| 3 | | | | |
| 4 | | | | |
| 5 | | | | |
| 6 | | | | |
| 7 | | | | |
| 8 | | | | |
| 9 | | | | |
| 10 | | | | |

16. പരീക്ഷാഫലം മെച്ചപ്പെടുത്തുന്നതിനാണോ അപേക്ഷിക്കുന്നത് : അതേ / അല്ല

17. ഫീസ് ഒടുക്കിയതിന്റെ വിവരം

| ഫീസ് | പിഴ | എസ്.എസ്.എൽ.സി കാർഡിന്റെ വില | ആകെ | തുക ഒടുക്കിയ തീയതി |
|---|---|---|---|---|
| | | | | |

18. മറ്റു വിവരങ്ങൾ (ഉണ്ടെങ്കിൽ ) :

മേൽപ്പറഞ്ഞിട്ടുള്ള വസ്തുതകൾ സത്യമാണ്. മുൻപ് പരീക്ഷ എഴുതിയ എല്ലാ അവസരങ്ങളുടെയും സർട്ടിഫിക്കറ്റുകളുടെ കോപ്പി അപേക്ഷയോടൊപ്പം സമർപ്പിക്കുന്നു.

പരീക്ഷാർത്ഥിയുടെ ഒപ്പ്

സ്ഥലം:
തീയതി:

അനുബന്ധം – എ1

## എസ്. എസ്. എൽ. സി പരീക്ഷ – മാർച്ച് 2018

## പരീക്ഷാർത്ഥിയെ തിരിച്ചറിയുന്നതിനുളള സർട്ടിഫിക്കറ്റ്

(ഗസറ്റഡ് ഉദ്യോഗസ്ഥൻമാർ/പരീക്ഷാർത്ഥി പഠിച്ചിരുന്ന ഹൈസ്കൂളിലെ ഹെഡ്മാസ്റ്റർ/ തുടങ്ങിയവർക്ക് ഈ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്താവുന്നതാണ്)

ഫോട്ടോ
പതിക്കുക

തിരിച്ചറിയൽ സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ ഫോട്ടോയുടെ പുറത്ത് ഒപ്പിടേണ്ടതാണ്. ഫോട്ടോയിൽ റബ്ബർ സ്റ്റാമ്പ് പതിക്കുവാൻ പാടില്ല

1. പരീക്ഷാർത്ഥിയുടെ പേര് :

2. ജനനതീയതി :

3. പൂർണ്ണമായ മേൽവിലാസം :

4. സാക്ഷ്യപ്പെടുത്തുന്ന ആഫീസറുടെ പേരും ഉദ്യോഗപ്പേരും വിലാസവും :

5. പരീക്ഷാർത്ഥിയുടെ ഒപ്പ് :

(തിരിച്ചറിയൽ സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥന്റെ മുമ്പിൽ വച്ച് ഒപ്പ് ഇടേണ്ടതാകുന്നു)

2018 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷാർത്ഥിയായ ................................................................................ ............................................................................................................................................... ന്റെ/യുടെ ഒപ്പും ഫോട്ടോയും ഞാൻ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

ഓഫീസ് മുദ്ര

തിരിച്ചറിയൽ സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ്

സ്ഥലം :

തീയതി :

അനുബന്ധം - ബി

## എസ്.എസ്.എൽ.സി പരീക്ഷ - മാർച്ച് 2018

## അപേക്ഷാഫാറം (RAC,ARC/CCC)

1. പരീക്ഷാ കേന്ദ്രത്തിന്റെ പേരും :
   സെന്റർ കോഡും
2. പരീക്ഷാർത്ഥിയുടെ പേര് :
3. അഡ്മിഷൻ നമ്പർ :
4. ആൺകുട്ടിയോ/ പെൺകുട്ടിയോ :
5. മേൽവിലാസം :
   ഫോൺ നമ്പർ
6. 1) മതവും ജാതിയും :
   2) വിഭാഗം : SC/ST/OEC/OBC/Gl.
7. ജനനത്തീയതി :
8. പൗരത്വം :
9. പിതാവിന്റെ പേര് :
10. മാതാവിന്റെ പേര് :
11. രക്ഷകർത്താവിന്റെ പേര് :
12. പഠന മാധ്യമം :
13. ഒന്നാം ഭാഷ Part I :
    Part II :
14. മൂന്നാം ഭാഷ :
15. അപേക്ഷ ഉൾപ്പെടുന്ന വിഭാഗം : RAC/ARC/ CCC
16. മുൻ അവസരം റദ്ദാക്കിയതിന്റെ ഉത്തരവ് നമ്പർ :
    (ഉത്തരവിന്റെ കോപ്പിയും അപേക്ഷയോടൊപ്പം
    സമർപ്പിക്കേണ്ടതാണ്)
17. എ.ആർ.സി വിഭാഗത്തിൽ ഉൾപ്പെടുന്നുവെങ്കിൽ : ഉണ്ട് / ഇ ല്ല
    ഈ വർഷം ആവശ്യമായ ഹാജർ നേടിയിട്ടുണ്ടോ?
18. ഐഡന്റിഫിക്കേഷൻ മാർക്ക് :

1.

2.

19. ഫീസ് ഒടുക്കിയതിന്റെ വിവരം

| ഫീസ് | പിഴ | എസ്.എസ്. എൽ.സി കാർഡിന്റെ വില | ആകെ | തുക ഒടുക്കിയ തീയതി |
|---|---|---|---|---|
| | | | | |

**മേൽപ്പറഞ്ഞിട്ടുളള വസ്തുതകൾ സത്യമാണ്.**

സ്ഥലം :
തീയതി : പരീക്ഷാർത്ഥിയുടെ ഒപ്പ്

അനുബന്ധം - സി

## എസ്.എസ്.എൽ.സി പരീക്ഷ - മാർച്ച് 2018

### സവിശേഷ സഹായം ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് ആനുകൂല്യത്തിനുള്ള അപേക്ഷ

1. പരീക്ഷാ കേന്ദ്രത്തിന്റെ പേരും :
2. സെന്റർ കോഡ് :
3. വിദ്യാഭ്യാസ ജില്ല :
4. വിദ്യാർത്ഥിയുടെ പേര് :
5. അഡ്മിഷൻ നമ്പർ :
6. രക്ഷകർത്താവിന്റെ പേര് :
7. വിദ്യാർത്ഥിയുടെ വയസ്സും ജനനതീയതിയും :
8. വിദ്യാർത്ഥിയുടെ മേൽവിലാസവും :
   ഫോൺ നമ്പറും (കോഡ് സഹിതം)
9. രക്ഷകർത്താവിന്റെ പേര് :
8. ശാരീരിക വൈകല്യത്തിന്റെ സ്വഭാവം :
   (വൈകല്യത്തെക്കുറിച്ചുള്ള പൊതുവിശദീകരണം രേഖപ്പെടുത്തുക)
10. വൈകല്യം എത്ര ശതമാനം / IQ :
11 അപേക്ഷിക്കുന്ന ആനുകൂല്യങ്ങൾ :

(i)അധിക സമയം ആവശ്യമാണോ? :

(ii) കണക്ക് വിഷയം ഒഴിവാക്കേണ്ടതുണ്ടോ? :

(iii) ഉണ്ടെങ്കിൽ പകരമായി തിരഞ്ഞെടുക്കുന്ന വിഷയം : ........................................................

(iv) ഭാഷാ വിഷയം ഒഴിവാക്കേണ്ടതുണ്ടോ? :

(v) ഉണ്ടെങ്കിൽ ഏതൊക്കെ : ഒന്നാം ഭാഷ ..........................................................................

: രണ്ടാം ഭാഷ ..........................................................................

: മൂന്നാം ഭാഷ..........................................................................

(vi) പകരമായി തിരഞ്ഞെടുത്ത വിഷയങ്ങൾ

ഒന്നാം ഭാഷ 1. .......................................... 2. ....................................

രണ്ടാം ഭാഷ ..........................................................................

മൂന്നാം ഭാഷ ..........................................................................

(vii) ഗ്രേസ് മാർക്ക് ആവശ്യമുണ്ടോ? :

(കേൾവിക്കുറവുള്ള കുട്ടികൾ/ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ /ഓട്ടിസം കുട്ടികൾ മാത്രം)

(viii) എഴുതാൻ സഹായിയുടെ ആവശ്യമുണ്ടോ? :

(ix) ഗ്രാഫ്, ഡ്രോയിംഗ്, ഡയഗ്രംസ്, ജോമെട്രിക്കൽ ഫിഗേഴ്സ്

എന്നിവയിൽ നിന്ന് ഒഴിവാക്കേണ്ടതുണ്ടോ? : ....................................

(x) വ്യാഖ്യാതാവിന്റെ സേവനം ആവശ്യമുണ്ടോ? : .....................................

---

(നോട്ട്: സ്ക്രൈബ്, ഇന്റർപ്രെട്ടർ - ഇതിൽ ഏതെങ്കിലും ഒരാളുടെ സേവനം മാത്രമേ ലഭിക്കുകയുള്ളൂ)

12. വൈകല്യം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് :

നൽകിയ മെഡിക്കൽ ആശുപത്രിയുടെ പേരും മേൽവിലാസവും

(VI, HI, LMD/OH, CP, MR,Autism, LD വിഭാഗങ്ങൾക്ക്)

## സത്യപ്രസ്താവന

മേൽ പറഞ്ഞ വസ്തുതകൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്നും മാർച്ച് 2018-ലെ എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്നതിന് മേൽ ആനുകൂല്യങ്ങൾ ആവശ്യമാണെന്നും ബോധിപ്പിച്ചു കൊള്ളുന്നു.

വിദ്യാർത്ഥിയുടെ ഒപ്പ്

രക്ഷകർത്താവിന്റെ പേരും ഒപ്പും

സ്ഥലം :
തീയതി :

## ആഫീസ് ഉപയോഗത്തിനായി മാത്രം

## അസ്ഥി സംബന്ധമായ വൈകല്യം (LMD/OH) സെറിബ്രൽ പാൾസി (CP) ഉള്ളവർക്ക് സ്ക്രൈബിന്റെ സേവനം ലഭിക്കുന്നതിനുള്ള സാക്ഷ്യപത്രം

ഈ വിദ്യാലയത്തിലെ 10-ാം ക്ലാസ് വിദ്യാർത്ഥിയായ ------------------------- ന്റെ/യുടെ എഴുതുന്ന കൈയ്ക്ക് വൈകല്യമുള്ളതിനാൽ സ്വയം എഴുതാൻ കഴിയില്ലെന്നും അതിനാൽ സ്ക്രൈബിനെ ആവശ്യമുണ്ടെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

പ്രധാനാദ്ധ്യാപകന്റെ പേരും ഒപ്പും

## പ്രധാനാദ്ധ്യാപകന്റെ ശുപാർശ

ഈ വിദ്യാലയത്തിലെ 10-ാം ക്ലാസ്സ് വിദ്യാർത്ഥിയായ -----------------------------സവിശേഷ സഹായം ആവശ്യമുള്ള കുട്ടിയാണെന്നും അപേക്ഷയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ശരിയാണെന്നും ബോധ്യമുള്ളതിനാൽ അനുവാദത്തിനായി ശുപാർശ ചെയ്യുന്നു. എസ്.എസ്.എൽ.സി. നോട്ടിഫിക്കേഷൻ പ്രകാരം ആവശ്യപ്പെട്ട എല്ലാ രേഖകളും ഇതോടൊപ്പം സമർപ്പിക്കുന്നു.

സ്ഥലം:
തീയതി:

(ഓഫീസ് സീൽ) പ്രധാനാദ്ധ്യാപകന്റെ പേരും ഒപ്പും

---

## ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ശുപാർശ

എസ്.എസ്.എൽ.സി. 2018 നോട്ടിഫിക്കേഷൻ പ്രകാരം പരീക്ഷാനൂകൂല്യങ്ങൾക്കായി ഹെഡ്മാസ്റ്റർ സമർപ്പിച്ച എല്ലാ ബന്ധപ്പെട്ട രേഖകളും പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി വിദ്യാർത്ഥിക്ക് പരീക്ഷാ ഇളവുകൾ അനുവദിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

സ്ഥലം:
തീയതി : ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പേരും ഒപ്പും

(ഓഫീസ് സീൽ)

**Annexure – C 1**

**CERTIFICATE FOR CHILDREN WITH LEARNING DISABILITY FOR**

**S.S.L.C. MARCH 2018**

Must affix latest Photograph here

1. Name of the Pupil : ……………………………………………….
2. Age & Date of Birth : ……………………………………………….
3. Gender : ……………………………………………….
4. Personal Identification Marks :
   i. ………………………………………………………………..……………
   ii. ………………………………………………………………………….
5. Name of Father/Guardian : ……………………………………………………
6. Signature/Thumb impression of the Pupil : ………..……………

After verifying the notebooks, answer sheets of previous examinations and his academic performance including reading and writing and arithmetic calculation skills, it is informed that he/she is having some learning backwardness even after conducting remedial teaching methods.

**Signature with Date & Name of Class Teacher**

The assessment of class teacher is verified and recommended for IQ assessment and certification.

**Signature with Date &Name of Resource Teacher under IEDSS**

Place:

Date: School Seal **Countersigned by Headmaster with office seal**

---

Kum/Kumari ......................................................................., Std X student of ................................................................ ........................................................................ (school) is assessed by me and is certified that he/ she is having .............................. intelligence with an IQ of ....................... . Learning skills assessment shows that he/she is having Learning Disability in the area of ……..………………………. (Specify Dyslexia, Dysgraphia or Dyscalculia).

Place:

Date: Office Seal

**Signature**

**Name & Official Address of Clinical Psychologist**

**with Reg. No.**

***[ASSESSMENT/TEST REPORT SHOULD BE ATTACHED]***

**Annexure C 2**

## CERTIFICATE OF SPECIFIC LEARNING DISORDER

| Photo |
|---|

Signature of the Student /Thumb impression

I Dr………………………………………………….hereby certify that………………………
……………………………………………whose date of birth is……………………………
of ………………………………….. class………………………of………………………….
School, Son/Daughter of……………………………………………………………whose
Signature and thumb impression is given above is suffering from learning Disorder.

- With imparirment in reading
- With impairment in written expression
- With impairement in mathematics
- Combined.

The following supporing documents are attached (Strike whatever is not applicable)

- Request of parents
- Report of teachers
- Report of remedial education teacher
- Assessment report of clinical psychologist in the prescribed format (Annexure 2)

CERTIFICATE ISSUED ONLY FOR AVAILING SSLC EXAMINATION CONCESSIONS FOR THE YEAR……..

Place: Signature of the Psychiatrist

Date: Name & Designation

Register Number

Signature of Hospital Superintendent

Office Seal

അനുബന്ധം – ഡി

## എസ്.എസ്. എൽ. സി. പരീക്ഷ മാർച്ച് – 2018

### പരീക്ഷാർത്ഥിത്വം റദ്ദാക്കാനുള്ള അപേക്ഷ

### (Application for Cancellation of Candidature)

1. സെന്റർ നമ്പർ  2. വിദ്യാഭ്യാസ ജില്ല

3. പരീക്ഷാർത്ഥിയുടെ പേര് :

4. പരീക്ഷാർത്ഥിയുടെ രജിസ്റ്റർ നമ്പർ :

5. സ്കൂളിന്റെ പേര് :

6. പരീക്ഷാർത്ഥിത്വം റദ്ദാക്കാനുള്ള കാരണം :

7. കാരണം തെളിയിക്കുന്നതിന് സമർപ്പിക്കുന്ന രേഖകൾ :

8. പരീക്ഷാർത്ഥിയെ റോളിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടോ?

9. ഉണ്ടെങ്കിൽ നീക്കം ചെയ്ത തീയതിയും കാരണവും :

10. പരീക്ഷാർത്ഥി IT പരീക്ഷയിൽ പങ്കെടുത്തിട്ടുണ്ടോ?

11. മറ്റെന്തെങ്കിലും വിവരങ്ങൾ

12. രക്ഷകർത്താവിന്റെ ഒപ്പ് :

മുകളിൽ പ്രസ്താവിച്ച കാര്യങ്ങൾ സത്യമാണ്. ആയതിനാൽ പരീക്ഷാർത്ഥിത്വം റദ്ദാക്കണമെന്ന് അപേക്ഷിക്കുന്നു.

സ്ഥലം :

തീയതി: സ്കൂൾ സീൽ ഹെഡ്മാസ്റ്ററുടെ ഒപ്പ്

(അപേക്ഷ 28/02/2018 - ന് മുൻപായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറിക്ക് ലഭിക്കേണ്ടതാണ്.)

**Appendix- E**

No. CGL(1)56798/08/CGE

Office of the Commissioner for
Government Examinations,
Pareekshabhavan, Poojappura
Thiruvananthapuram-12
Dated: 06 /03/2013

# CIRCULAR

**Sub: General Education- SSLC and other public Examinations- Enhancement of Supervision Allowance, Stationery and contingent charges- Sanctioned orders issued.**

**Ref: 1. G.O.(MS) 112/2012/G.Edn Dtd. 10/04/2012**
**2. G.O.(M.S.) 57/2013/G.Edn Dtd. 16/02/2013**

Referring to the above the following are the details of enhanced rate of supervision allowance and other contingent charges.

| Sl.No. | Category | Existing Rate | Revised Rate |
|---|---|---|---|
| 1 | Chief Superintendent | Rs. 48 | Rs. 63 |
| 2 | Deputy Superintendent | Rs. 41 | Rs. 54 |
| 3 | Assistant | Rs. 34 | Rs. 45 |
| 4 | Clerk | Rs. 29 | Rs. 38 |
| 5 | Peon | Rs. 19 | Rs. 25 |
| 6 | Clerical Allowance | 60 ps | Rs.2/- Candidate subjected to a minimum of Rs.100/- per center |
| 7 | Contingency | Rs.38 | Rs. 46/- for 50 candidate and Rs.20/-for every additional 50 candidate |
| 8 | Photocopy charges | - | Rs.1/- candidate |
| 9 | Transportation of answer script | 85 ps | Rs.1.50/--km/bundles |
| 10 | Stationery Article | Rs.168 | Rs.200/-for first 100 candidate and Rs.50/- for every additional 50 candidates |
| 11 | Stitching charges | Rs. 1.20 | For first 15 bags no stitching charge Rs.2/- for every additional bags. |

The authority to verify and issue admissibility regarding the expenses related to the conduct of the examination is delegated to District Education Officers w.e.f. 10/04/2012.

The revised rates will be applicable from the SSLC Examination 3/2013 onwards. The expenditure will be met from the special fee fund and recouped later from the fund provided for the examination purpose. The deputy Directors of Education are directed to re-allot the funds kept for meeting the expenditure for SSLC and other Public Examination 2012 March to the concerned District Educational Officers under their jurisdiction. They are also to directed to hand over the details of advance amount if any paid to the Chief Superintendent in connection with the public examinations, 3/2012 so as to settle the account in the DEO office at the earliest.

**(Sd /-)**
**JOINT COMMISSIONER**

**Copy to-**

**All Deputy Directors of Education**
**All District Educational Officers**

## അനുബന്ധം - എഫ്

നം ജി 2/49919/09/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം -12
തീയതി : 11.08.2010

## സർക്കുലർ

വിഷയം - പൊതു വിദ്യാഭ്യാസം - എസ്.എസ്.എൽ.സി, ടി.എച്ച്.എസ്.എൽ.സി, ടി.ടി.സി തുടങ്ങിയ പരീക്ഷകളുടെ കണ്ടിജൻസി തുക പാസാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. ജി.ഒ (എം.എസ്) 85/2005/ജി വിദ്യാഭ്യാസം തീയതി 15.03.2005

2. സർക്കുലർ നം. സി.ജി.എൽ (1) 24003/2004/സി.ജി.ഇ തീയതി 16.03.2005

3. സർക്കുലർ നം. സി.ജി.എൽ (1) 32771/2007/സി.ജി.ഇ തീയതി 16.10.2007

4. ജി.ഒ. (ആർ.ടി.) നം 220/08 ജി. വിദ്യാഭ്യാസം തീയതി 09.01.2008

5. സർക്കുലർ നം. ജി2/49919/09/സി.ജി.ഇ തീയതി 23.02.2010.

മേൽ സൂചനകൾ പ്രകാരം എസ്.എസ്.എൽ.സി., ടി.എച്ച്.എസ്.എൽ.സി, ടി.ടി.സി തുടങ്ങി പരീക്ഷാഭവൻ നടത്തുന്ന പരീക്ഷകളുടെ കണ്ടിജൻസി തുക സ്കൂളൂകൾക്ക് പാസാക്കി നൽകുന്നതിനെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ ടി നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാതെയാണ് പല വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരും തുക പാസാക്കി നൽകുന്നതെന്ന് ആക്ഷേപം വ്യാപകമായി ഉയർന്നു വന്നിട്ടുണ്ട്. കൂടാതെ ഇതു സംബന്ധിച്ച് കേസുകൾ കോടതിയിലും എത്തിയിരിക്കുന്നു. വ്യക്തമായ നിർദ്ദേശങ്ങൾ നിലനിൽക്കവേ അവ പാലിക്കാതെ അർഹതപ്പെട്ട തുക പാസ്സാക്കി നൽകാതിരിക്കുന്നത് കൃത്യവിലോപമായി കണക്കാക്കാവുന്നതാണ്. ആകയാൽ ഇക്കാര്യത്തിൽ താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

1. പരീക്ഷാർത്ഥികളുടെ എണ്ണം കുറവായതു കൊണ്ട് 30/- രൂപ ക്രമത്തിൽ നൽകുന്നത് ചെലവിന് മതിയാവാതെ വരുന്ന സ്കൂളുകൾക്ക് (225 പരീക്ഷാർത്ഥികളിൽ താഴെ വരുന്ന സെന്ററുകൾ) പരീക്ഷാനടത്തിപ്പിന് ചെലവായ തുക സൂചന 1 പ്രകാരം അനുവദിച്ച് നൽകേണ്ടതാണ്.

2. 2007,2008,2009,2010 വർഷങ്ങളിൽ എസ്.എസ്.എൽ.സിയും മറ്റു പരീക്ഷകളും നടത്തിയതിന്റെ ചെലവും ഈ രീതിയിൽ കണക്കാക്കി കുടിശിക ഉൾപ്പെടെ ബന്ധപ്പെട്ട സ്കൂളുകൾക്ക് നൽകേണ്ട താണ്. ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്നും പരാതിക്കിട നൽകാതെ തുക നൽകണമെന്നും പ്രത്യേകം നിർദ്ദേശിക്കുന്നു.

ഒപ്പ്
പരീക്ഷാ കമ്മീഷണർ

എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

അനുബന്ധം - ജി

നം. വൈ.1/13984/2015/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 04/03/2015

# സർക്കുലർ

**വിഷയം: പൊതുവിദ്യാഭ്യാസം- 2015 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നത് - സംബന്ധിച്ച്**

**സൂചന: 1. സർക്കാർ ഉത്തരവ് (കൈ) നമ്പർ : 145/1999/പൊ.വി. തീയതി. 28.06.1999.**
**2. സർക്കാർ ഉത്തരവ് (സാധാ) നമ്പർ : 32/08/പൊ.വി. തീയതി. 01.01.2008.**
**3. സർക്കാർ ഉത്തരവ് (സാധാ) നമ്പർ : 2146/08/പൊ.വി. തീയതി. 09.05.2008.**
**4. സർക്കാർ ഉത്തരവ് (കൈ)നം. : 216/09/പൊ.വി. തീയതി. 06.01.2009.**
**5. സർക്കാർ ഉത്തരവ് (കൈ)നം. : 87/2012/പൊ.വി. തീയതി. 24.03.2012**
**6. സർക്കാർ ഉത്തരവ് (കൈ)നം. : 214/2012/പൊ.വി. തീയതി. 04.03.2012.**
**7. സർക്കാർ ഉത്തരവ് (കൈ)നം. : 150/2013/പൊ.വി. തീയതി. 30.04.2013**
**8. സർക്കുലർ നം. ഇ.എക്സ്./സി.ജി.എൽ – 4/1616/2013/സിജിഇ. തീയതി. 06.03.2013**

എസ്.എസ്.എൽ.സി – 2015 പരീക്ഷയ്ക്ക് ഗ്രേസ് മാർക്കിനർഹതയുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അയയ്ക്കുമ്പോൾ ചുവടെ സൂചിപ്പിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മുൻവർഷം അനുവദിച്ച വിഭാഗങ്ങളിൽ വിദ്യാഭ്യാസ ഉപഡയറക്ടർ തന്നെയാണ് ഈ വർഷവും അന്തിമമായി ഗ്രേസ് മാർക്ക് അനുവദിക്കേണ്ടത്. ഈ വർഷം മുതൽ എൻ.സി.സി. ഗ്രേസ് മാർക്ക് കൂടി വിദ്യാഭ്യാസ ഉപഡയറക്ടർ അനുവദിച്ച് ഉത്തരവ് നൽകേണ്ടതാണ്.

എസ്.എസ്.എൽ.സിയ്ക്ക് ഗ്രേസ് മാർക്കിന് അർഹതയുള്ള വിദ്യാർത്ഥികളുടെ അപേക്ഷകൾ പരാമർശം 8-ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം സ്കൂളുകളിൽനിന്നും പരീക്ഷാഭവൻ വെബ്സൈറ്റിലൂടെ ഓൺലൈനായി അപ്ലോഡ് ചെയ്ത് പ്രിന്റ്ഔട്ട് എടുത്ത് വേണം നൽകേണ്ടത്.

1) സംസ്ഥാന സ്കൂൾ കലോൽസവം, അറബിക്, സംസ്കൃതോത്സവം, സ്പെഷ്യൽ സ്കൂൾ കലോൽത്സവം, ശാസ്ത്രമേള, ഗണിത ശാസ്ത്രമേള, സാമൂഹ്യ ശാസ്ത്രമേള, പ്രവൃത്തി പരിചയമേള, ഐ.ടി മേള, രാഷ്ട്രപതി .സ്ക്കൗട്ട്സ് & ഗൈഡ്, രാജ്യപുരസ്ക്കാർ, എൻ.സി.സി, ജൂനിയർ റെഡ്ക്രോസ്, ദേശീയ ബാലശാസ്ത്ര കോൺഗ്രസ്സ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്ട് എന്നിവയിൽ എസ്.എസ്.എൽ.സി പരീക്ഷയിൽ ഗ്രേസ് മാർക്കിനർഹതയുള്ള വിദ്യാർത്ഥികളുടെ വിവരങ്ങൾ ഓൺലൈനിൽ രേഖപ്പെടുത്തി കിട്ടുന്ന ലിസ്റ്റ് ആവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം (സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഗസറ്റഡ് ആഫീസർ അറ്റസ്റ്റ് ചെയ്തിരിക്കണം), ബന്ധപ്പെട്ട സ്കൂളിലെ ഹെഡ്മാസ്റ്ററുടെ മേലൊപ്പോടുകൂടി അതാത് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്. ഓൺലൈനിൽ നടത്തുന്ന രേഖപ്പെടുത്തലുകൾ ശരിയാണെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രമേ പ്രധാന അധ്യാപകൻ അപേക്ഷകൾ അതാത് വിദ്യാഭ്യാസ ഉപഡയറക്ർക്ക് അയയ്ക്കുവാൻ പാടുള്ളു.

(2) സംസ്ഥാന തലത്തിലും അതിന് മുകളിലുമുള്ള മൽസരങ്ങളിൽ പങ്കെടുത്ത് വിജയിച്ച് ആദ്യത്തെ 3 ഗ്രേഡ് (എ,ബി,സി) കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് മാത്രമേ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ഗ്രേസ് മാർക്കിന് അർഹത ഉണ്ടായിരിക്കുകയുള്ളു. ഒരു വിദ്യാർത്ഥിക്ക് ഒരിനത്തിൽ മാത്രമേ ഗ്രേസ് മാർക്ക് ലഭിക്കുകയുള്ളൂ. പരീക്ഷയ്ക്ക് ആദ്യത്തെ രണ്ട് (2) അവസരങ്ങളിൽ മാത്രമേ ഗ്രേസ് മാർക്കിന് അർഹതയുള്ളു. എസ്.എസ്.എൽ.സി പരീക്ഷയിൽ എഴുത്തു പരീക്ഷയുടെ സ്കോർ അടിസ്ഥാനത്തിലാണ് ഗ്രേസ് മാർക്ക് അനുവദിക്കുന്നത്. അഗ്രിഗേറ്റ് പരമാവധി **'എ+'** ലഭിക്കുന്നതിന് എത്ര മാർക്ക് വേണമോ അതു മാത്രമേ ഗ്രേസ് മാർക്കായി അനുവദിക്കുകയുള്ളു. ഒരു വിദ്യാർത്ഥിക്ക് ഒന്നിലധികം ഇനങ്ങളിൽ പങ്കെടുത്ത് ഗ്രേഡ് ലഭിച്ചിട്ടുണ്ടെങ്കിൽ അതിൽ ഏറ്റവും കൂടുതൽ ഗ്രേസ് മാർക്കിനർഹതയുള്ള സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പാണ് അപേക്ഷ യോടൊപ്പം സമർപ്പിക്കേണ്ടത്. വിദ്യാഭ്യാസ ഉപഡയറക്ടർമാർ അതാത് റവന്യൂ ജില്ലയിലെ സ്കൂളുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഓൺ ലൈൻ വെരിഫിക്കേഷൻ നടത്തുകയും നടപടി ഉത്തരവ് (ലിസ്റ്റ് സഹിതം) ഒരുമിച്ച് തിരുവനന്തപുരത്ത് പരീക്ഷ സെക്രട്ടറിക്ക് അയയ്ക്കേണ്ടതുമാണ്.

(3) 8,9 ക്ലാസ്സുകളിൽ പഠിക്കുമ്പോൾ സംസ്ഥാനതല സ്കൂൾ കലോത്സവത്തിലോ, ശാസ്ത്ര, ഗണിത ശാസ്ത്ര, സാമൂഹ്യ ശാസ്ത്ര, പ്രവൃത്തി പരിചയ മേളയിലോ പങ്കെടുത്ത് ലഭിക്കുന്ന ഉയർന്ന ഗ്രേഡ്, ഗ്രേസ് മാർക്കിനു പരിഗണിക്കണമെങ്കിൽ 10-ാം ക്ലാസ്സിൽ പഠിക്കുമ്പോൾ സംസ്ഥാനതല മൽസരത്തിൽ പങ്കെടുത്തിരിക്കണമെന്നില്ല.. പകരം റവന്യൂ ജില്ലാതല മൽസരത്തിൽ അതേ ഇനത്തിൽ **'എ'** ഗ്രേഡ് ലഭിച്ചാൽ മതിയാകുന്നതാണ്.

(4) കലോൽസവം, ശാസ്ത്ര, ഗണിത ശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തി പരിചയ, ഐ.റ്റി മൽസരങ്ങൾക്കും സംസ്ഥാനതല ശാസ്ത്ര സെമിനാർ, ശാസ്ത്ര സി.വി. രാമൻ ഉപന്യാസ മൽസരം, ശാസ്ത്ര ഇൻവെസ്റ്റിഗേറ്ററി പ്രോജക്ട്, ഗണിത ശാസ്ത്ര ശ്രീനിവാസ രാമാനുജൻ മെമ്മോറിയൽ പേപ്പർ പ്രസന്റേഷൻ, സാമൂഹ്യശാസ്ത്ര പത്ര വായനാ മൽസരം, സാമൂഹ്യ ശാസ്ത്ര ടാലന്റ് സെർച്ച് പരീക്ഷ, സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസ് എന്നീ മൽസര യിനങ്ങൾക്ക് താഴെ സൂചിപ്പിക്കുന്ന രീതിയിൽ ഗ്രേസ് മാർക്ക് അനുവദിക്കുന്നതാണ്.

| | | |
|---|---|---|
| എ ഗ്രേഡ് | - | 30 മാർക്ക് |
| ബി ഗ്രേഡ് | - | 24 മാർക്ക് |
| സി ഗ്രേഡ് | - | 18 മാർക്ക് |
| ജൂനിയർ റെഡ് ക്രോസ് | - | 10 മാർക്ക് |
| രാജ്യപുരസ്കാർ | - | എസ്.എസ്.എൽ.സി. എഴുത്തു പരീക്ഷയുടെ 5% (25 മാർക്ക്) |
| രാഷ്ട്രപതി സ്ക്കൗട്ട് ആന്റ് ഗൈഡ് | - | എസ്.എസ്.എൽ.സി.എഴുത്തു പരീക്ഷയുടെ 10% (49 മാർക്ക്) |
| സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്ട് | - | എസ്.എസ്.എൽ.സി. എഴുത്തുപരീക്ഷയുടെ 5% (25 മാർക്ക്) |

എൻ.സി.സി. - എസ്.എസ്.എൽ.സി. എഴുത്തു പരീക്ഷയുടെ 5% (25 മാർക്ക്)/ 10% 49 മാർക്ക്

ദേശീയ ബാലശാസ്ത്ര കോൺഗ്രസ് - 15% (74 മാർക്ക്)

നാഷണൽ സയൻസ് ഫെയർ - 15% (74 മാർക്ക്)

സതേൺ ഇന്ത്യ സയൻസ് ഫെയറിന് ആദ്യത്തെ 3 സ്ഥാനക്കാർക്ക് മാത്രമേ ഗ്രേസ് മാർക്കിന് അർഹതയുള്ളു.

ഒന്നാം സ്ഥാനം - എസ്.എസ്.എൽ.സി എഴുത്തുപരീക്ഷയുടെ 15% (74 മാർക്ക്)
രണ്ടാം സ്ഥാനം - എസ്.എസ്.എൽ.സി. എഴുത്തുപരീക്ഷയുടെ 13% (64 മാർക്ക്)
മൂന്നാം സ്ഥാനം - എസ്.എസ്.എൽ.സി. എഴുത്തു പരീക്ഷയുടെ 11% (54 മാർക്ക്)

(5) കലോൽസവങ്ങൾ, ശാസ്ത്ര, ഗണിത ശാസ്ത്ര സാമൂഹ്യശാസ്ത്ര, പ്രവൃത്തി പരിചയ മേളകൾ, ഐ.റ്റി. മേള, രാഷ്ട്രപതി സ്ക്കൗട്ടിംഗ് ആന്റ് ഗൈഡ്സ്, രാജ്യപുരസ്ക്കാർ, എൻ.സി.സി., ജൂനിയർ റെഡ്ക്രോസ്, ദേശീയ/സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസ്സ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്ട് എന്നിവയുമായി ബന്ധപ്പെട്ട ഗ്രേസ് മാർക്കിനർഹതയുള്ള പ്രൊപ്പോസലുകൾ ഒരുമിച്ച് സമർപ്പിക്കാതെ പ്രത്യേകം പ്രത്യേകമായി തന്നെ സമർപ്പിക്കേണ്ടതാണ്.

(6) സർഗ്ഗോത്സവത്തിലെ സീനിയർ വിഭാഗം (8-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ് വരെ) മത്സര വിജയികൾക്ക് മാത്രമേ ഗ്രേഡ് മാർക്കിനർഹതയുണ്ടായിരിക്കുകയുള്ളൂ. സർഗ്ഗോത്സവത്തിൽ എ, ബി ഗ്രേഡ് നേടുന്ന വിദ്യാർത്ഥികൾക്ക് മാത്രമെ ഗ്രേസ് മാർക്ക് ലഭിക്കുകയുള്ളൂ. എ ഗ്രേഡിന് 12 മാർക്കും ബി ഗ്രേഡിന് 10 മാർക്കും എസ്.എസ്.എൽ.സി-യിൽ ഗ്രേസ് മാർക്കായി ലഭിക്കുന്നതാണ്.

(7) 8,9 ക്ലാസ്സുകളിൽ പഠിക്കുമ്പോൾ രാജ്യ പുരസ്ക്കാർ, രാഷ്ട്രപതി സ്കൗട്ട്സ് ആന്റ് ഗൈഡ് സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കിയ വിദ്യാർത്ഥികൾ 10-ാം ക്ലാസ്സിൽ പഠിക്കുമ്പോൾ സ്ക്കൗട്ട് പ്രസ്ഥാനത്തിൽ സജീവമായിരുന്നുവെന്നുള്ള ഹെഡ്മാസ്റ്ററുടെ സർട്ടിഫിക്കറ്റ് കൂടി ഉൾപ്പെടുത്തി ഗ്രേസ് മാർക്കിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(8) **എൻ.സി.സി. യിൽ അംഗങ്ങളായി 75 ശതമാനവും അതിനുമുകളിലും ഹാജർ നിലയുള്ള വിദ്യാർത്ഥികൾക്ക് 5% (25 മാർക്ക്) ഗ്രേസ് മാർക്കിന് അർഹതയുണ്ട്. എൻ.സി.സി.യിൽ ചുവടെ സൂചിപ്പിക്കുന്ന യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് 10% (49 മാർക്ക്) ഗ്രേസ് മാർക്കായി ലഭിക്കുവാൻ അർഹതയുണ്ട്.**

(എ) 'എ' സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിരിക്കണം.

(ബി) കോർപ്പറലോ അതിന് മുകളിലോ ഉള്ള റാങ്ക് ലഭിച്ചിരിക്കണം.

(സി) സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ബി.എൽ.സി/വി.എസ്.സി/എൻ.എസ്.സി/ ഐ.ഡി.സി/ ആർ.ഡി.സി ഇവയിൽ ഏതെങ്കിലും ഒരു ക്യാമ്പിൽ പങ്കെടുത്തിരിക്കണം. അല്ലെങ്കിൽ സൈനിക് ക്യാമ്പ്, റോക്ക് ക്ലയിംബിംഗ് ട്രെയിനിംഗ് ക്യാമ്പ്, നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പ്, അഡ്വാൻസ് ലീഡർഷിപ്പ് ക്യാമ്പ്, ആൾ ഇന്ത്യാ ട്രെക്ക് / ട്രെക്കിംഗ് എക്സ്പെഡീഷൽ ഇവയിൽ ഏതെങ്കിലും ഒരു ക്യാമ്പിൽ പങ്കെടുത്തിരിക്കണം.

എൻ.സി.സിയുടെ ഗ്രേസ് മാർക്ക് അനുവദിച്ച് നൽകുന്നത് വിദ്യാഭ്യാസ ഉപഡയറക്ടറായതിനാൽ ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ സ്കൂളുകളിൽ ഓൺലൈൻ രേഖപ്പെടുത്തലുകൾ നടത്തി ലഭിക്കുന്ന പ്രിന്റൗട്ടിൽ ഹെഡ്മാസ്റ്ററും, എ.എൻ.ഒ.യും (അസോസിയേറ്റ് എൻ.സി.സി. ഓഫീസർ) കൈയൊപ്പ് ചാർത്തി ബന്ധപ്പെട്ട സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ ഉൾപ്പെടുത്തി 3 സെറ്റ് അപേക്ഷകൾ തയ്യാറാക്കേണ്ടതാണ്. ഒരു സെറ്റ് സ്കൂളിൽ സൂക്ഷിക്കേണ്ടതും 2 സെറ്റ് ബന്ധപ്പെട്ട എൻ.സി.സി. കമാൻഡിംഗ് ഓഫീസർക്ക് (എൻ.സി.സി. ബറ്റാലിയൻ ഓഫീസ്) നൽകേണ്ടതുമാണ്. എൻ.സി.സി. കമാൻഡിംഗ് ഓഫീസർ ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഉറപ്പുവരുത്തി കൈയൊപ്പ് ചാർത്തി ഒരു സെറ്റ് അതാത് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതും ഒരു സെറ്റ് എൻ.സി.സി. ബറ്റാലിയൻ ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്. എൻ.സി.സി. കമാൻഡിംഗ് ഓഫീസർ ഇത്തരത്തിൽ ശുപാർശ ചെയ്ത് നൽകുന്ന അപേക്ഷകർക്ക് മാത്രമേ വിദ്യാഭ്യാസ ഉപഡയറക്ടർ ഗ്രേസ് മാർക്ക് അനുവദിക്കുകയുള്ളൂ.

(9) **ജൂനിയർ റെഡ്ക്രോസ് കേഡറ്റുകൾക്ക്** താഴെ സൂചിപ്പിക്കുന്ന യോഗ്യത ഉണ്ടെങ്കിൽ എസ്.എസ്.എൽ.സി ക്ക് 10 മാർക്ക് ബോണസ് മാർക്കായി അനുവദിക്കുന്നതാണ്.

(എ) സ്കൂളിൽ പ്രവർത്തിക്കുന്ന ജൂനിയർ റെഡ്ക്രോസ് യൂണിറ്റുകളുടെ പ്രവർത്തനം തൃപ്തികരമാണെന്ന് ബന്ധപ്പെട്ട സ്കൂൾ അധികൃതരുടെ സാക്ഷ്യപത്രം.

(ബി) 5-ാം സ്റ്റാൻഡേർഡ് മുതൽ പത്താം സ്റ്റാൻഡേർഡ് വരെ ജെ.ആർ.സി. പ്രവർത്തനങ്ങളിൽ ബന്ധപ്പെടുകയും 75% ഹാജരോടുകൂടി ജെ.ആർ.സി. സംസ്ഥാന കമ്മിറ്റിയുടെ കോഴ്സ് സർട്ടിഫിക്കറ്റ് (സി) നേടുകയും ചെയ്തിരിക്കണം.

(സി) ജെ.ആർ.സി സംസ്ഥാന കമ്മിറ്റി തയ്യാറാക്കി റെഡ്ക്രോസ് സൊസൈറ്റി അംഗീകരിച്ചിട്ടുള്ള സിലബസ് അനുസരിച്ച് ഫസ്റ്റ് എയ്ഡ്, അഗ്നി ശമന പ്രവർത്തനങ്ങൾ, ആരോഗ്യപരിപാലനവും സംരക്ഷണവും, ട്രാഫിക്ക് അടയാളങ്ങളും നിയമങ്ങളും എന്നീ വിഷയങ്ങളിൽ അറിവും അവയെ ആസ്പദമാക്കി ജെ.ആർ.സി സംസ്ഥാന കമ്മിറ്റി നടത്തുന്ന പരീക്ഷ 50% മാർക്കോടെ പാസ്സായതിന്റെ സർട്ടിഫിക്കറ്റ്.

(ഡി) ശുചീകരണ പ്രവർത്തനങ്ങൾ, ജീവകാര്യണ്യ പ്രവർത്തനങ്ങൾ, ജില്ലാതലത്തിലോ സംസ്ഥാനതലത്തിലോ നടത്തുന്ന ജെ.ആർ.സി ക്യാമ്പ് /സെമിനാർ ഇവയിൽ ഏതെങ്കിലും പങ്കെടുത്തതിന്റെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.

(10) **ദേശീയ/സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസ്സിന്റെ** ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ ഓൺലൈനിൽ രേഖപ്പെടുത്തി ലഭിക്കുന്ന പ്രിന്റൗട്ടിനോടൊപ്പം ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം സ്കൂൾ ഹെഡ്മാസ്റ്ററുടെ ശുപാർശയോടുകൂടി താഴെ സൂചിപ്പിക്കുന്ന വിലാസങ്ങളിൽ അയച്ചു കൊടുക്കേണ്ടതാണ്. 2011-12 വർഷത്തെ അപേക്ഷകൾ **ഡയറക്ടർ, സയൻസ് സെന്റർ, ജവഹർ ബാലഭവൻ, കൊല്ലം - 1** എന്ന വിലാസത്തിലും 2012-13, 2013-2014 വർഷത്തെ അപേക്ഷകൾ **സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, എൻ.സി.എസ്.സി, കേരളാ സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആന്റ് എൻവിറോൺമെന്റ്, ശാസ്ത്രഭവൻ, പട്ടം, തിരുവനന്തപുരം - 4** എന്ന വിലാസത്തിലും അയയ്ക്കേണ്ടതാണ്. പ്രസ്തുത ഓഫീസുകളിൽ നിന്നും ശുപാർശ ലഭിക്കുന്ന അപേക്ഷകൾക്ക് മാത്രമേ പൊതു വിദ്യാഭ്യാസ ഡയറക്ടറാഫീസിൽ നിന്നും ഗ്രേസ് മാർക്ക് അനുവദിക്കുകയുള്ളൂ.

10-ാം ക്ലാസ്സിൽ പഠിക്കുമ്പോൾ സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസ്സിൽ പങ്കെടുത്ത് ലഭിക്കുന്ന ഗ്രേഡുകൾക്ക് മാത്രമേ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഗ്രേസ് മാർക്കിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

(11) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്ട് (എസ്.പി.സി) -ൽ അംഗങ്ങളായ വിദ്യാർത്ഥികൾക്ക് പരാമർശം 6-പ്രകാരം ഈ വർഷം മുതൽ എസ്.എസ്.എൽ.സി.ക്ക് 5% (25 മാർക്ക് ഗ്രേസ് മാർക്കായി ലഭിക്കുന്നതാണ്. 75% ഉം അതിനുമുകളിലും ഹാജർ നിലയുള്ള വിദ്യാർത്ഥികൾക്ക് മാത്രമേ ഗ്രേസ് മാർക്കിന് അർഹതയുള്ളൂ.

എസ്.പി.സി ഗ്രേസ് മാർക്കിന് അർഹതയുള്ള വിദ്യാർത്ഥികളുടെ വിവരങ്ങൾ സ്കൂളൂകളിൽ പരാമർശം 7-ൽ നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ച് ഓൺലൈനായി അപ്ലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുക്കേണ്ടതാണ്. പ്രിന്റൗട്ട് പ്രധാനാധ്യാപകൻ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തി ഒപ്പിടേണ്ടതും, പോലീസ് സ്റ്റുഡന്റ് ലേസൺ ഓഫീസർ (സി.ഐ. ഓഫ് പോലീസ്), ഡിസ്ട്രിക്ട് നോഡൽ ഓഫീസർ എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ നടത്തേണ്ടതുമാണ്. പ്രസ്തുത പ്രിന്റ് ഔട്ട് ആവശ്യമായ രേഖകൾ സഹിതം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്.

(12) സ്കൂളുകളിൽ 04-03-2016 മുതൽ ഗ്രേസ് മാർക്കിനുള്ള ഓൺലൈൻ എൻട്രി നടത്തി പ്രിന്റൗട്ട് എടുക്കാവുന്നതും 12-03-2016 മുതൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ലഭിക്കുന്ന ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ പരിശോധിച്ച് ഓൺലൈൻ വെരിഫിക്കേഷൻ നടത്തി പ്രിന്റൗട്ട് എടുക്കാവുന്നതാണ്.

(13) ***ഇപ്രകാരം ഖണ്ഡിക 2 മുതൽ പ്രതിപാദിച്ചിട്ടുള്ള അപേക്ഷകൾ വിദ്യാഭ്യാസ ഉപഡയറക്ടർ പരിശോധിച്ച് ഓൺലൈനിൽ വെരിഫിക്കേഷൻ നടത്തി ലഭിക്കുന്ന പ്രിന്റൗട്ട് നടപടി ഉത്തരവ് സഹിതം പരീക്ഷാ സെക്രട്ടറിയ്ക്ക് നൽകേണ്ടതാണ്.***

(14) ലിസ്റ്റ് പൂർണ്ണവും കുറ്റമുക്തവുമായിരിക്കുവാൻ എല്ലാ പ്രധാന അദ്ധ്യാപകരും, വിദ്യാഭ്യാസ ഉപഡയറക്ടർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(15) വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഗ്രേസ് മാർക്ക് അനുവദിച്ചു കൊണ്ടുള്ള നടപടി ഉത്തരവും അതോടൊപ്പമുള്ള ലിസ്റ്റും **'സെക്രട്ടറി, പരീക്ഷാ കമ്മീഷണറുടെ കാര്യാലയം പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം-12'** എന്ന വിലാസത്തിൽ 20.03.2014 ന് മുമ്പായി ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്. പ്രസ്തുത ഉത്തരവിന്റെയും ലിസ്റ്റിന്റേയും ഒരു പകർപ്പ് **ആർ. ബാബു, പി.ആർ.ഒ, വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, തിരുവനന്തപുരം -14** എന്ന വിലാസത്തിൽ അയച്ചു തരേണ്ടതുമാണ്.

(16) ഗ്രേസ് മാർക്ക് അനുവദിച്ചുകൊണ്ടുള്ള നടപടി ഉത്തരവും, ലിസ്റ്റും പരീക്ഷാ സെക്രട്ടറിക്ക് അയച്ചുകൊടുക്കുവാൻ കാലതാമസം നേരിടുന്ന പക്ഷം ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കായിരിക്കും.

**ഒപ്പ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ് :

1. സ്റ്റേറ്റ് നോഡൽ ഓഫീസർ, എസ്.പി.സി. പ്രോജക്ട്, പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
2. ഡെപ്യൂട്ടി ജനറൽ (എൻ.സി.സി), എൻ.സി.സി ഡയറക്ടറേറ്റ്, (കെ & എൽ) സ്റ്റേറ്റു വിങ്, വഴുതയ്ക്കാട്, തിരുവനന്തപുരം - 10.
3. സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, എൻ.സി.എസ്.സി, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആന്റ് എൻവിറോൺമെന്റ്, ശാസ്ത്രഭവൻ, തിരുവനന്തപുരം -4
4. ഡയറക്ടർ, സയൻസ് സെന്റർ, ജവഹർ ബാലഭവൻ, കൊല്ലം - 1
5. സെക്രട്ടറി, ജൂനിയർ റെഡ്ക്രോസ്, ജൂനിയർ റെഡ്ക്രോസ് റോഡ്, തിരുവനന്തപുരം.
6. സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം.-12
7. എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പ്രസ്തുതസർക്കുലറിന്റെ ഒരു പകർപ്പ് അവരവരുടെ അധികാര പരിധിയിൽ വരുന്ന എല്ലാ ഹൈസ്കൂൾ പ്രധാന അധ്യാപകൻമാർക്കും അറിവിലേയ്ക്കായി അയച്ചുകൊടുക്കേണ്ടതാണ്.
8. ആഫീസ് കോപ്പി & കരുതൽ ഫയൽ.

അനുബന്ധം -എച്ച്

കേരള സർക്കാർ
## സംഗ്രഹം

**ആഭ്യന്തരവകുപ്പ് - സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി - എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി, വെക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളായ കേഡറ്റുകൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നത് - സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ആഭ്യന്തര (ജി) വകുപ്പ്**

**സ.ഉ. (സാ) നം. 1124/2013/ ആഭ്യന്തരം** **തീയതി, തിരുവനന്തപുരം, 24.04.2013**

---

പരാമർശം: - 1. സ.ഉ. (കൈ) നം.214/2012/ആഭ്യന്തരം തീയതി 04.08.2012

2. സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംസ്ഥാനതല നോഡൽ ഓഫീസറുടെ 13.02.2013 തീയതിയിലെ 35/SPC Sectt/PHQ/12 നമ്പർ കത്ത്.

3. പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പിന്റെ 25.02.2013 ലെ 6397/എസ്.സി3/ 2013/പൊ.വി.വ നമ്പർ അനൗദ്യോഗിക കുറിപ്പ്.

4. സെക്രട്ടറി, ബോർഡ് ഓഫ് ഹയർ സെക്കണ്ടറി എക്സാമിനേഷൻസ്, കേരളം-ന്റെ 06.04.2013 തീയതിയിലെ ഇ.എക്സ്. II (1) 15806/എസ്.പി.സി/2012 നമ്പർ കത്ത്.

## ഉത്തരവ്

(1) പൗരബോധവും ലക്ഷ്യബോധവും സാമൂഹ്യപ്രതിബദ്ധതയുമുള്ള ഒരു യുവജനതയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കി വരുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ അംഗങ്ങളായ എസ്.എസ്.എൽ.സി കേഡറ്റുകൾക്ക് നൽകിവരുന്നതിന് തുല്യമായ ഗ്രേസ് മാർക്ക് അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് അനുവദിക്കേണ്ട ഗ്രേസ് മാർക്ക് സംബന്ധിച്ചും ആയത് ഏത് അധ്യയന വർഷം മുതൽ നടപ്പിലാക്കണമെന്നതു സംബന്ധിച്ചും വിവിധ തലങ്ങളിൽ നിന്നും വളരെയധികം സംശയങ്ങളും അന്വേഷണങ്ങളും ഉന്നയിക്കപ്പെട്ടു.

(2) 2012-13 അധ്യയന വർഷം പൊതുപരീക്ഷയ്ക്കു ഹാജരാകുന്ന എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളായ കേഡറ്റുകൾക്ക് സ്റ്റുഡന്റ് പോലീസ് പദ്ധതി പ്രവർത്തനങ്ങളിൽ 75% ഹാജർ ഉണ്ടെങ്കിൽ 5% ഗ്രേസ് മാർക്ക് അനുവദിക്കാവുന്നതാണെന്ന് സ്റ്റുഡന്റ് പോലീസ് സംസ്ഥാനതല ഉപദേശക സമിതി ശുപാർശ ചെയ്തു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ അംഗങ്ങളായ വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് പദ്ധതി പ്രവർത്തനങ്ങളിൽ 75% ഹാജർ ഉണ്ടെങ്കിൽ 5% ഗ്രേസ് മാർക്ക് അനുവദിക്കാവുന്നതാണെന്നും 2012-13 അധ്യയന വർഷം മുതൽ പൊതുപരീക്ഷയ്ക്ക് ഹാജരായ/ഹാജരാകുന്ന എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥി/വിദ്യാർത്ഥിനികളായ കേഡറ്റുകൾക്ക് ഗ്രേസ് മാർക്കിന് അർഹതയുണ്ടെന്ന് സ്പഷ്ടമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. അർഹരായ വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് ഗ്രേസ് മാർക്ക് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട എല്ലാ വകുപ്പുകളും ഉടൻ നടപടി സ്വീകരിക്കേണ്ടതാണ്.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**

**(ഒപ്പ്)**

**പുഷ്കരൻ എൻ.**
**അഡീഷണൽ സെക്രട്ടറി**

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
തൊഴിലധിഷ്ഠിത വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പരീക്ഷാ കമ്മീഷണർ, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം
സെക്രട്ടറി, ബോർഡ് ഓഫ് ഹയർ സെക്കണ്ടറി എക്സാമിനേഷൻസ്, ഡയറക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്, ഉന്നതവിദ്യാഭ്യാസ വകുപ്പ്
സംസ്ഥാന നോഡൽ ഓഫീസർ, സ്റ്റുഡന്റ് പോലീസ് പദ്ധതി, പോലീസ് ആസ്ഥാനം, തിരുവനന്തപുരം.
ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (പത്ര/ദൃശ്യ മാധ്യമങ്ങളിലൂടെ വ്യാപകമായ പ്രചരണം നടത്തുന്നതിനും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും
കരുതൽ ഫയൽ, ഓഫീസ് കോപ്പി

പകർപ്പ്: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആഭ്യന്തര വകുപ്പിന്റെ അധിക ചുമതല വഹിക്കുന്ന പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്

## GRACE MARKS IN SSLC EXAMINATION - MARCH 2018

| Sl.No. | Name of Item | Code | Grade | Marks | Remarks |
|---|---|---|---|---|---|
| 1 | State Youth Festival | YF | | | |
| 2 | State Science Fair | SF | A | 30 | |
| 3 | State Mathematics Fair | MF | B | 24 | |
| 4 | State Social Science Fair | SSF | | | - |
| 5 | State Work Experience Fair | WE | C | 18 | |
| 6 | State Information Technology Fair | IT | | | |
| 7 | Junior Red Cross | JRC | | 10 | |
| 8 | Rajya Puraskar | RP | | 25 | 5 % of the written exam |
| 9 | Rashtrapathi Scouts/ Guides | RS/RG | | 49 | 10 % of the written exam |
| 10 | National Cadet Corps (National Level) | NCC | - | 49 | 10 % of the written exam |
| 11 | National Cadet Corps (School Level) | NCC | | 25 | 5 % of the written exam |
| 12 | Southern India Science Fair & Science Drama Festival | SISF | First<br>Second<br>Third | 74<br>64<br>54 | 15 % of the written exam<br>13 % of the written exam<br>11 % of the written exam |
| 13 | National Science Fair | NSF | | 74 | 15 % of the written exam |
| 14 | **Childrens ScienceCongress** | | | | |
| | National Level | | - | 74 | 15 % of the written exam |
| | State Level | | A | 30 | |
| | | | B | 24 | - |
| | | | C | 18 | |
| 15 | Students Police Cadet | SPC | - | 25 | 5 % of the written exam |
| 16 | Sargolsavam | | A | 12 | |
| | | | B | 10 | |

## അനുബന്ധം - ഐ

നം. സ്പോർട്സ്(2)10/2010

വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം
തീയതി:

# സർക്കുലർ

**വിഷയം :- പൊതു വിദ്യാഭ്യാസം - സ്പോർട്സ് - 2018 മാർച്ചിൽ നടക്കുന്ന എസ്.എസ്.എൽ.സി ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷകളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കു (സ്പോർട്സ്) ഗ്രേസ്മാർക്ക് നൽകുന്നത് - സംബന്ധിച്ച്**

2010 മാർച്ചിൽ നടക്കുന്ന എസ്.എസ്.എൽ.സി, ഹയർ സെക്കറി, വൊക്കേഷണൽ ഹയർ സെക്കറി പരീക്ഷകളിൽ സ്പോർട്സ് രംഗത്തെ മികവിന് ഗ്രേസ് മാർക്കിനർഹതയുള്ള കുട്ടികളുടെ പ്രൊപ്പോസലുകൾ ഈ ആഫീസിലേയ്ക്കു അയക്കുമ്പോൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(1) എസ്.എസ്.എൽ.സി, ഹയർ സെക്കറി, വൊക്കേഷണൽ ഹയർ സെക്കറി പരീക്ഷകളിൽ കായിക രംഗത്തെ നേട്ടങ്ങൾക്ക് ഗ്രേസ് മാർക്കിനർഹതയുള്ള കുട്ടികളുടെ പേരു വിവരം നിശ്ചിത ഫോറത്തിൽ തയ്യാറാക്കി ആവശ്യമായ സർട്ടിഫിക്കറ്റുകളോടു കൂടി ഹാൾ ടിക്കറ്റിന്റെ കോപ്പി സഹിതം കുട്ടികൾ പഠിക്കുന്ന സ്കൂളിലെ പ്രധാന അദ്ധ്യാപകൻ മുഖാന്തിരം ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ വാങ്ങി സൂക്ഷ്മ പരിശോധനയ്ക്കു ശേഷം മേലൊപ്പുവച്ച് ചാക്കോ ജോസഫ്, സ്പോർട്സ് ഓർഗനൈസർ, വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, തിരുവനന്തപുരം - 14 എന്ന വിലാസത്തിൽ അയച്ചു തരേണ്ടതാണ്.

(2) ഹയർ സെക്കറി, വൊക്കേഷണൽ ഹയർ സെക്കറി പ്രൊപ്പോസലുകൾ ആവശ്യമായ സർട്ടിഫിക്കറ്റുകളോടുകൂടി ഹാൾ ടിക്കറ്റിന്റെ കോപ്പി സഹിതം ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ നേരിട്ടു ഈ ആഫീസിലേയ്ക്കു അയച്ചാൽ മതിയാകും.

(3) പൊതു വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന സംസ്ഥാന സ്ക്കൂൾ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിലും, അക്വാട്ടിക്ക് ചാമ്പ്യൻഷിപ്പിലും 1 മുതൽ 8 വരെ സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്കും, ഗെയിംസ് വിഭാഗങ്ങളിൽ 1 മുതൽ 6 വരെ സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്കും അംഗീകൃത കായിക അസോസിയേഷനുകൾ സംഘടിപ്പിക്കുന്ന സംസ്ഥാന മത്സരങ്ങളിൽ 1, 2, 3 സ്ഥാനങ്ങൾ ലഭിച്ചവർക്കും ദേശീയ അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്കും വിജയികൾക്കും ഗ്രേസ്മാർക്കിന് അർഹത ഉണ്ടായിരിക്കും.

8, 9 ക്ളാസ്സുകളിൽ പഠിച്ചിരുന്നപ്പോൾ കിട്ടിയ നേട്ടങ്ങൾക്കു ഗ്രേസ് മാർക്ക് ലഭിക്കണമെങ്കിൽ 10-ാം ക്ളാസ്സിൽ പഠിക്കുമ്പോൾ അതേ ഇനത്തിൽ കുറഞ്ഞത് റവന്യൂ ജില്ലാ മത്സരത്തിലെങ്കിലും പങ്കെടുത്തിരിക്കണം.

## സംസ്ഥാന മത്സരങ്ങൾ (എസ്.എസ്.എൽ.സി)

എ. ഒന്നാം സ്ഥാനം നേടുന്നവർക്ക് – 5 ശതമാനം
(10 ശതമാനം വരെ വിജയിക്കാൻ വേണ്ട മാർക്ക്)

ബി. രണ്ടാം സ്ഥാനം നേടുന്നവർക്ക് – 5 ശതമാനം

സി. മൂന്നാം സ്ഥാനം നേടുന്നവർക്ക് – 3 ശതമാനം

ഡി. 4 മുതൽ 8 വരെ സ്ഥാനം നേടുന്നവർക്ക് – 2 ശതമാനം

(സംസ്ഥാന സ്ക്കൂൾ കായിക മേളയിൽ)

ഇ. സംസ്ഥാന സ്ക്കൂൾ ഗെയിംസിൽ – 2 ശതമാനം

4 മുതൽ 6 വരെ നേടുന്നവർക്ക്

### ഹയർ സെക്കണ്ടറി / വൊക്കേഷണൽ ഹയർ സെക്കണ്ടറി

എ. ഒന്നാം സ്ഥാനം നേടുന്നവർക്ക് – 5 ശതമാനം
ബി. രണ്ടാം സ്ഥാനം നേടുന്നവർക്ക് – 4 ശതമാനം
സി. മൂന്നാം സ്ഥാനം നേടുന്നവർക്ക് – 3 ശതമാനം
ഡി. 4 മുതൽ 8 വരെ സ്ഥാനം നേടുന്ന വർക്ക് (സംസ്ഥാന സ്ക്കൂൾ കായിക മേളയിൽ) – 2 ശതമാനം
ഇ. സംസ്ഥാന സ്ക്കൂൾ ഗെയിംസിൽ 4 മുതൽ 6 വരെ നേടുന്നവർക്ക് – 2 ശതമാനം

### ദേശീയ മത്സരങ്ങൾ

എ. ഒന്നാം സ്ഥാനം നേടുന്നവർക്ക് – 15 ശതമാനം
ബി. രണ്ടാം സ്ഥാനം നേടുന്നവർക്ക് – 13 ശതമാനം
സി. മൂന്നാം സ്ഥാനം നേടുന്നവർക്ക് – 11 ശതമാനം
ഡി. പങ്കെടുക്കുന്നവർക്ക് – 10 ശതമാനം

### അന്തർ ദേശീയ മത്സരങ്ങൾ

എ. ഒന്നാം സ്ഥാനം നേടുന്നവർക്ക് – 25 ശതമാനം
ബി. രണ്ടാം സ്ഥാനം നേടുന്നവർക്ക് – 23 ശതമാനം
സി. മൂന്നാം സ്ഥാനം നേടുന്നവർക്ക് – 21 ശതമാനം
ഡി. പങ്കെടുക്കുന്നവർക്ക് – 20 ശതമാനം

(4) സ്പോർട്സ് രംഗത്തെ മികവിനുള്ള ഗ്രേസ് മാർക്ക് പ്രൊപ്പോസലുകൾ പ്രത്യേകം പെർഫോമയിൽ തയ്യാറാക്കി അയച്ചുതരുവാൻ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കേരള സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക അസോസിയേഷനുകൾ സംഘടിപ്പിക്കുന്ന സംസ്ഥാനതല മത്സരങ്ങളിലെ മെറിറ്റ് സർട്ടിഫിക്കറ്റുകളുടെ കോപ്പി മാത്രമേ പെർഫോമയോടൊപ്പം അയക്കുവാൻ പാടുള്ളൂ.

(5) ഒരു കുട്ടിയ്ക്ക് ഒരിനത്തിന് മാത്രമേ ഗ്രേസ് മാർക്കിനർഹത ഉണ്ടായിരിക്കുകയുള്ളൂ. ആയതിനാൽ ഏറ്റവും കൂടുതൽ ഗ്രേസ് മാർക്കിന് അർഹതയുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പ് മേലൊപ്പുവച്ചു പ്രൊപ്പോസലിനോടൊപ്പം അയച്ചാൽ മതിയാകും.

(6) കായിക രംഗത്തെ ഗ്രേസ്മാർക്കിനുള്ള പെർഫോർമയുടെ മാതൃക ഇതോടൊപ്പം അയക്കുന്നു ടി പെർഫോമയുടെ കോപ്പി ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ അവരവരുടെ അധികാര പരിധിയിലുള്ള ഹൈസ്ക്കൂൾ/ഹയർ സെക്കറി സ്ക്കൂൾ/വൊക്കേഷണൽ ഹയർ സെക്കറി സ്ക്കൂൾ പ്രിൻസിപ്പാൽമാർക്കു അയച്ചു കൊടുക്കേണ്ടതും അവരിൽ നിന്നും തിരികെ ലഭിക്കുന്ന ഗ്രേസ് മാർക്കിന് അർഹതയുള്ള അപേക്ഷകൾ മാത്രം മേൽ പറഞ്ഞിരിക്കുന്ന വിലാസത്തിൽ നിശ്ചിത തീയതിക്കു മുൻപായി അയച്ചു തരേണ്ടതാണ്.

(ഒപ്പ്)

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്:– ഡയറക്ടർ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് – അറിവിലേയ്ക്ക്
ഡയറക്ടർ വൊക്കേഷണൽ ഹയർ സെക്കറി ഡയറക്ടറേറ്റ് – അറിവിലേയ്ക്ക്

അനുബന്ധം -ജെ

# മൈഗ്രേഷൻ സർട്ടിഫിക്കറ്റിനുവേണ്ടിയുള്ള അപേക്ഷാഫാറം

1) അപേക്ഷകന്റെ/അപേക്ഷകയുടെ പേര് (മലയാളത്തിലും, ഇംഗ്ലീഷിലും :
2) അച്ഛന്റെ പേര്/രക്ഷകർത്താവിന്റെ പേര് :
3) എസ്.എസ്.എൽ.സി പരീക്ഷ എഴുതി ഉന്നതപഠനത്തിന് അർഹത നേടിയിട്ടുണ്ടോ : ഉണ്ട് ☐ ഇല്ല ☐
4) എസ്.എസ്.എൽ.സി പരീക്ഷ എഴുതി ഉന്നതപഠനത്തിന് അർഹത നേടിയ വർഷവും രജിസ്റ്റർ നമ്പറും :
5) അപേക്ഷകൻ/അപേക്ഷക പഠിക്കാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിന്റെയും സംസ്ഥാനത്തിന്റെയും പേര് :
6) അപേക്ഷകന്റെ/അപേക്ഷകയുടെ മേൽ വിലാസം (പിൻ കോഡ്, ഫോൺ നമ്പർ സഹിതം) :

അപേക്ഷകന്റെ/അപേക്ഷകയുടെ ഒപ്പ്

സ്ഥലം:
തീയതി :

**അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള രേഖകൾ(✓) ചെയ്യുക**

1) നിർദ്ദിഷ്ട അപേക്ഷാഫാറം
2) “ 0202-01-102-92 അദർ റസീപ്റ്റ്സ്”എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടച്ച 50/- രൂപയുടെ അസൽ ചെലാൻ
3) എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ കോപ്പി സ്കൂൾ മേധാവി സാക്ഷ്യപ്പെടുത്തിയത്
4) 9.35 X 4.25 ഇഞ്ച് വലിപ്പത്തിലുള്ള പോസ്റ്റേജ് കവർ (മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കേണ്ട മേൽ വിലാസം എഴുതി 22/- രൂപയുടെ സ്റ്റാമ്പ് പതിച്ചത്)

**സ്കൂൾ മേധാവിയുടെ ശുപാർശ**

............വർഷത്തിൽ രജിസ്റ്റർ നമ്പർ.........................പ്രകാരം ഈ സ്ഥാപനത്തിൽ പരീക്ഷ എഴുതിയ ശ്രീമാൻ/ശ്രീമതി....................................................ഉന്നത പഠനത്തിന് അർഹത നേടിയിട്ടുള്ളതായി സാക്ഷ്യപ്പെടുത്തുന്നു. മേൽപ്പറഞ്ഞ രേഖകൾ സഹിതം അപേക്ഷ അയയ്ക്കുന്നു. മൈഗ്രഷൻ സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്.

സ്കൂൾ മേധാവിയുടെ പേരും ഒപ്പും

സ്ഥലം:
തീയതി:

(ആഫീസ് മുദ്ര)